
സ്നേഹപ്രവാഹം
റവ. ഡോ. ജോസഫ് വട്ടക്കളം

# സ്നേഹപ്രവാഹം

റവ. ഡോ. ജോസഫ് വട്ടക്കളം

(Malayalam)

**SNEHA PRAVAHAM**

By: Rev. Dr. Joseph Vattakalam

1 st Published November 2001

Copy Right Reserved

Type Setting: I.T. World Computers Kunnamthanam

Cover Design: Milan Jacob (Gratia Kottayam)

Printed at: Deepika Offset Press, Kottayam

Distributed by: Deepika Book House,

Kottayam

Price Rs. 20/-

# സ്നേഹപ്രവാഹം

## ആമുഖം

ദൈവം സ്നേഹമാണ് (1യോഹ.4:16). സമ്മാനിക്കുക അതാണല്ലോ സ്നേഹത്തിന്റെ സവിശേഷത. സ്നേഹത്തിന്റെ ഏറ്റം ഉദാത്തമായ ആവിഷ്കാരം സ്വയംദാനവും. പരമപരിപൂർണ്ണതയിൽ, സമ്പൂർണ്ണ സാകല്യത്തിൽ സ്വയംദാനം സംഭവിക്കുന്നതു ദൈവത്തിൽത്തന്നെ യാണ്. സ്വഭാവേന സ്നേഹമായ പിതാവിന്റെ സ്നേഹത്തിൽ നിന്നും പുത്രൻ പിറക്കുന്നു. "നീ എന്റെ പുത്രനാണ് ഇന്നു ഞാൻ നിനക്കു ജന്മം നല്കി." (സങ്കീ. 2:7) പിതാവു സ്നേഹമാണ്. സത്തയിൽ പിതാവിനു സമനായ സുതനും സ്നേഹമാണ്.

പ്രവഹിക്കുക, അതാണു സ്നേഹത്തിൻെറ പ്രത്യേകത. പിതാവിൻേറയും പുത്രൻേറയും സ്നേഹം പ്രവഹിച്ചുകൊണ്ടേയിരിക്കുന്നു. പ്രസ്തുതപ്രവാഹങ്ങളുടെ സംഗമമാണ് സ്നേഹാത്മാവ്. ഇവിടെ ഒരു വസ്തുത വ്യക്തം. ദൈവം സനാതനസ്നേഹമാണ്, സനാതന സ്നേഹ പ്രവാഹമാണ്. ആയതിനാൽത്തന്നെ അവിടുന്നു ത്രിത്വമാകുന്നു. പിതാവിൻെറ സ്നേഹം പുത്രനു ജന്മം നല്കുന്നു. പിതൃപുത്രന്മാരുടെ സ്നേഹത്തിൽ നിന്നു പരിശുദ്ധാത്മാവു പുറപ്പെടുന്നു. ദൈവം ത്രിത്വ സ്നേഹസമൂഹമാണ്. ഈ സ്നേഹം വീണ്ടും പ്രവഹിക്കുന്നു. പ്രഫുല്ല മായി പ്രവഹിക്കുന്ന ആ

സ്നേഹത്തിൽ നിന്നുദിക്കുന്നു -ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു
സ്നേഹം താൻ ശക്തി ജഗത്തിൻ - സ്വയം
സ്നേഹം താനാനന്ദമാർക്കും

ദൈവസ്നേഹത്തിന്റെ സവിശേഷത അതു ശാശ്വതമാണെന്നതാണ്. 'വിലാപങ്ങൾ' എന്ന ഗ്രന്ഥത്തിൽ നാം വായിക്കുന്നു. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്, അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. (വിലാ.3:22-23) ഇതെപ്പറ്റി ഏശയ്യാ പ്രവാചകന്റെ അധരങ്ങളിലൂടെ അഖിലേശൻ തന്നെ അരുൾചെയ്യുന്നു. "മലകൾ അകന്നു പോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ, എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പടിക്കു മാറ്റമുണ്ടാകുകയില്ല." (ഏശ. 54:10)

പ്രതിപാദ്യം ഏറ്റം ഹൃദ്യമായി സമാഹരിക്കുന്ന ഒരു ഗാനം ഉദ്ധരിച്ച് ഈ മുഖവുര ഉപസംഹരിക്കാം.

ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം
ഞാൻ നിന്നെ രക്ഷിച്ച ദൈവം
നിന്നുടെ പാതയിൽ എന്നും വെളിച്ചമായ്
നിന്നെ നയിക്കുന്ന ദൈവം.

ഭയമരുതേ മകനേ, മകളേ
ഞാൻ നിന്റെ ദൈവമല്ലേ!
കരയരുതേ, ഇനിയെൻ കൺമണിയേ
ഞാൻ നിന്റെ കൂടെയില്ലേ?

ഞാൻ നിന്നെ സ്നേഹിക്കും ദൈവം
ഞാൻ നിന്നെ പാലിക്കും ദൈവം
ഞാൻ നിന്റെ മുറിവുകൾ സുഖപ്പെടുത്തും
സുരജീവദായകൻ ദൈവം!

ഞാൻ നിന്നെ ലാളിക്കും ദൈവം
ഞാൻ നിന്നെ ശാസിക്കും ദൈവം
ഞാൻ നിന്റെ കണ്ണീർ തുടച്ചെന്നും നിന്നെ
ആശ്വസിപ്പിച്ചീടും ദൈവം!

*'നിർമ്മലസ്നേഹപ്രവാഹമേ,*
*നിന്റെ വർണ്ണത്തിരകളിലൊഴുകുന്നു ഞാൻ!'*

# ഉള്ളടക്കം


| | |
|---|---|
| പ്രപഞ്ചസൃഷ്ടി | 7 |
| പിൻചെല്ലുന്നസ്നേഹം | 17 |
| നീതിമാനായ നോഹ | 26 |
| അഗ്നിപരീക്ഷണം | 34 |
| ഏസാവും യാക്കോബും | 39 |

## സമർപ്പണം

നിഷ്ക്കളങ്കരായ കുഞ്ഞുങ്ങൾക്ക്
വിശിഷ്യ :
ജോൺസി
ഷീബാ
ഉണ്ണി
അമ്മു
പൊന്നുണ്ണിക്കുട്ടൻ
ഉണ്ണിക്കുട്ടൻ
ബോണിക്കുട്ടൻ
പ്രിയമോൾ

അദ്ധ്യായം 1

# പ്രപഞ്ചസൃഷ്ടി

ദൈവത്തിന്റെ സ്നേഹം മൂർത്തിത്വം പ്രാപിച്ചതാണ് പ്രപഞ്ചമെന്നു നാം കണ്ടു. പ്രസ്തുത പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് ഉത്പത്തിപ്പുസ്തകത്തിൽനിന്നു സിദ്ധിക്കുന്ന സംക്ഷിപ്ത വിവരണം സർവോത്കൃഷ്ടവും സമാദരണീയവും ഇതരവിവരണങ്ങളെയെല്ലാം വെല്ലുന്നതുമാണ്. 'ഉണ്ടാകട്ടെ' എന്നു കല്പിച്ച് ആദ്യന്തവിഹീനനായ അഖിലേശ്വരൻ വാനവും ഭൂമിയും വാർത്തെടുത്തു. (ഉത്പ. 1:1,3)* 'താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നവെന്നു ദൈവം കണ്ടു.' (1:31) നന്മയിൽ നിന്നു നന്മയല്ലേ പുറപ്പെടു!

സൃഷ്ടപ്രപഞ്ചം പ്രപഞ്ചനാഥന്റെ നന്മയും മഹത്ത്വവും പ്രഘോഷിക്കുന്നു. ഭൂമിയും ഭൂവാസികളും ആഴിയും അതിലെ ജീവികളും ആകാശത്തിലെ പറവജാലങ്ങളും പരാപരന്റെ മഹിമാതിരേകം മുക്തകണ്ഠം പ്രകീർത്തിക്കുന്നു. സങ്കീർത്തകൻ പ്രഖ്യാപിക്കുന്നതുപോലെ.

ആകാശം ദൈവമഹത്ത്വം പ്രഘോഷിക്കുന്നു.
വാനവിതാനം അവിടുത്തെ കരവേല വിളംബരം ചെയ്യുന്നു.
പകൽ, പകലിനോട് അവിരാമം സംസാരിക്കുന്നു.
രാത്രി, രാത്രിക്കുവിജ്ഞാനം പകരുന്നു.
ഭാഷണമില്ല, വാക്കുകളില്ല, ശബ്ദംപോലും കേൾക്കാനില്ല.
എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു.
അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തികളോളം എത്തുന്നു. (സങ്കീ. 19:1-5)

### മാലാഖമാർ

സ്നേഹ പ്രവാഹത്തിലെ പ്രഥമ സ്ഥാനീയരാണ് മാലാഖമാർ. സൃഷ്ടികർമ്മത്തിലൂടെ കോടാനുകോടി മാലാഖമാരാണ് അസ്തിത്വം പ്രാപിച്ചത്. ഏശയ്യാ ദർശനത്തിൽ അവരെ കാണുന്നു, 'ഉസിയാരാജാവു മരിച്ച വർഷം കർത്താവ് ഉന്നതമായ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നതു ഞാൻ കണ്ടു. അവിടുത്തെ

* ഈ പ്രബന്ധത്തിലെ പ്രധാന പ്രതിപാദ്യം ഉത്പത്തിപ്പുസ്തകമായതിനാൽ പ്രസ്തുത ഗ്രന്ഥത്തിലെ പരാമർശങ്ങൾക്ക് ആധാരമായ അധ്യായങ്ങളുടെയുടെയും വാക്യങ്ങളുടെയും എണ്ണം മാത്രമേ തുടർന്നു നല്കുകയുള്ളു.

വസ്ത്രാഞ്ചലം ദേവാലയംമുഴുവൻ നിറഞ്ഞുനിന്നു. അവിടുത്തെ ചുറ്റും സെറാഫുകൾ നിന്നിരുന്നു. അവയ്ക്ക് ആറുചിറകുകൾ ഉണ്ടായിരുന്നു. രണ്ടുചിറകുകൾ കൊണ്ടു മുഖവും രണ്ടെണ്ണം കൊണ്ടു പാദങ്ങളും അവ മറച്ചിരുന്നു. രണ്ടു ചിറകുകൾ പറക്കാനുള്ളവയായിരുന്നു. മാലാഖമാർ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു: പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ! ഭൂമിമുഴുവൻ അവിടുത്തെ മഹത്ത്വം നിറഞ്ഞിരിക്കുന്നു. അവയുടെ ശബ്ദഘോഷത്താൽ ഭൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ ഇളകുകയും ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു." (ഏശയ്യ 6: 1-4)

മാലാഖമാരെല്ലാവരും താളമേളലയങ്ങളോടെ ആ സ്വർഗ്ഗീയ സംഗീതം അനവരതം ആലപിച്ചു കൊണ്ടിരുന്നു. എല്ലാം ഭംഗിയായിരുന്നു, ഭദ്രമായിരുന്നു. അഹങ്കാരം അപസ്വരം ഉയർത്തുന്നതുവരെ അനുസ്യൂതം അതു തുടർന്നു. നിർഭാഗ്യമെന്നുപറയട്ടെ, ലൂസിഫറിന്റെ നേതൃത്വത്തിൽ, കുറെ മാലാഖമാർ മഹോന്നതനെ വെല്ലുവിളിച്ചു. അപ്പോൾ അവികലമായ ആ സ്വർഗ്ഗീയസംഗീതത്തിന്റെ താളം തെറ്റി. തുടർന്നു "സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവന്റെ ദൂതന്മാരും സർപ്പത്തോടു പോരാടി. സർപ്പവും അവന്റെ ദൂതന്മാരും എതിർത്തു യുദ്ധം ചെയ്തു. എന്നാൽ അവർ പരാജിതരായി. അതോടെ സ്വർഗ്ഗത്തിൽ അവർക്കിടമില്ലാതായി. ആ വലിയ സർപ്പം, സർവലോകത്തെയും വഞ്ചിക്കുന്ന, സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന, ആ പുരാതന സർപ്പം, ഭൂമിയിലേയ്ക്കു വലിച്ചെറിയപ്പെട്ടു; അവനോടൊപ്പം അവന്റെ ദൂതന്മാരും." (വെളി. 12: 7-9)

### മനുഷ്യൻ

മാലാഖമാരേക്കാൾ അല്പം താഴ്ന്നവനായി, എന്നാൽ ദൃശ്യപ്രപഞ്ചത്തിന്റെ തിലകക്കുറിയായി, മണി മകുടമായി, സൃഷ്ടവസ്തുക്കളുടെയെല്ലാം താഴികക്കുടമായി, അധിനാഥനായി, മഹേശ്വരൻ മനുഷ്യനെ മെനഞ്ഞു. അവിടുത്തെ സകല പ്രവർത്തനങ്ങളുടേയും അടിസ്ഥാനം സ്നേഹമാണെന്നു നാം കണ്ടു. പ്രപഞ്ചം അസ്തിത്വത്തിലേയ്ക്ക് ഊർന്നുവീണതു ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ്. ആ സ്നേഹത്താലാണ് അതു പുരോഗമിക്കുന്നത്. പ്രപഞ്ചത്തിന്റെ പ്രാണന്റെയും ശക്തിയുടെയും പ്രഭവം പ്രപഞ്ചനാഥന്റെ പ്രേമത്തിൽത്തന്നെ ഈ പ്രേമത്തിന്റെ അനിതരസാധാരണമായ ആവിഷ്കാരമാണു മനുഷ്യൻ. സ്നേഹം സ്വന്തമാക്കി സ്നേഹത്തിൽ ജീവിക്കുമ്പോൾ, സ്നേഹമാകുകയും സ്നേഹിക്കാൻ വേണ്ടി ജീവിക്കുകയും ചെയ്യുമ്പോൾ, അവന് അർത്ഥപൂർണ്ണവും അവികലവുമായ ആനന്ദം അനുഭവപ്പെടും.

പ്രപഞ്ചസൃഷ്ടിയുടെ സമാപനരംഗത്തു പ്രപഞ്ചനാഥൻ പാടിയ പ്രേമസംഗീതമാണു മനുഷ്യൻ! അനിതരസാധാരണമായ ശ്രദ്ധയും കരുതലുമാണ് ഇവിടെ കർത്താവു പ്രദർശിപ്പിക്കുന്നത്. ത്രിത്വകൂട്ടായ്മയുടെ ഉന്നതതല ഉച്ചകോടിയിലാണ് ആ മഹനീയകൃത്യത്തിന്റെ മാർഗ്ഗരേഖ രൂപപ്പെട്ടത്. സമാപനതീരുമാനം സുവിദിതമാണല്ലോ. 'നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം.' (1:26) അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. (1:27) മാത്രമല്ല, കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകലജീവികളുടെയും മേൽ അവന് ആധിപത്യം നൽകുകയും ചെയ്തു. (1:28)

മഹേശ്വരൻ തന്റെ ഛായയും സാദൃശ്യവും മനുഷ്യനു സമ്മാനിച്ചിരിക്കുന്നുവെന്നതാണ് അവന്റെ മഹത്ത്വത്തിന്റെ, മൂല്യത്തിന്റെ അടിസ്ഥാനം. 'ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് (മനുഷ്യ ശരീരം പഞ്ചഭൂതങ്ങളുടെ സമാഹാരമാണ്) മനുഷ്യനെ രൂപപ്പെടുത്തുകയും അവന്റെ നാസാരന്ധ്രങ്ങളിലേയ്ക്കു ജീവന്റെ ശ്വാസം (ബുദ്ധി മനസ്സുകളായി ആവിഷ്കരിക്കപ്പെടുന്ന അനശ്വരമായ ആത്മാവ്) നിശ്വസിക്കുകയും ചെയ്തു. അവൻ (ദൈവിക) ജീവനുള്ളവനായി. (2:7) അങ്ങനെ മനുഷ്യൻ ഇതരജീവജാലങ്ങളിൽ നിന്നു തികച്ചും വ്യതിരിക്തനും അവയേക്കാളെല്ലാം ശ്രേഷ്ഠനുമാകുന്നു.

തന്റെ അപരിമേയ ബുദ്ധിയിലും മനസ്സിലും സിദ്ധികളിലുമാണ് സർവശക്തൻ മനുജനു ഭാഗഭാഗിത്വം നൽകിയിരിക്കുന്നത്. ഈ മഹാരഹസ്യം മനസ്സിലാക്കിയ സങ്കീർത്തകൻ പ്രസ്തുത ഭാഗ്യത്തെക്കുറിച്ച് അത്ഭുതസ്തിമിതനായി ചോദിക്കുന്നു:

അവിടുത്തെ ചിന്തയിൽ വരാൻ മാത്രം മനുഷ്യന് എന്തു മേന്മയാണുള്ളത്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്തർഹതയാണുള്ളത്? എന്നിട്ടും അവിടുന്ന് അവനെ ദൈവദൂതന്മാരേക്കാൾ അല്പം മാത്രം താഴ്ത്തി. മഹത്ത്വവും ബഹുമാനവും കൊണ്ട് അവനെ മകുടമണിയിച്ചു. സ്വന്തം കരവേലകൾക്കുമേൽ അവന് ആധിപത്യം നൽകി. എല്ലാറ്റിനെയും അവന്റെ പാദത്തിൻ കീഴിലാക്കി.

(സങ്കീ.8:4-6)

മഹോന്നതമായ ഈ മനുഷ്യവ്യക്തിത്വത്തിന്റെ മൂല്യവും മാഹാത്മ്യവും എന്നെന്നും മാനിക്കപ്പെടണം. ഓരോ മനുഷ്യനും ദൈവത്തിനു 'വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനു' (ഏശ.43:4)മാണ്. പെസഹാരഹസ്യം പ്രാവർത്തികമാക്കാൻ പരിശുദ്ധത്രിത്വത്തെ നിർബന്ധിച്ചത് ഈ മനുഷ്യമാഹാത്മ്യമാണ്.

എന്നാൽ, ആധുനിക മനുഷ്യൻ അപരന്റെ മഹിമ അണുപോലും അംഗീകരിക്കുന്നില്ല. അവന് അപരൻ 'നരക'മാണ്. നശ്വരമായ സമ്പത്തിനുവേണ്ടി വിലപ്പെട്ട എത്രയോ ജീവിതങ്ങളാണ് ഇന്നു കുരുതി കഴിക്കപ്പെടുക? ബലാൽസംഗങ്ങളും ബന്ധപ്പെട്ട മരണങ്ങളും ഞെട്ടിത്തെറിപ്പിക്കുന്ന കഥകളാണു പറയുക. ഭീകരപ്പടയുടെ ബീഭത്സത ലോകത്തെ കിടുകിടാ വിറപ്പിക്കുകയാണ്. മനുഷ്യകുലത്തിന് ഉന്മൂലനാശം ഭവിക്കുമെന്ന അവസ്ഥയായിരിക്കുന്നു. ചാവേർപ്പടകളുടെ സംഖ്യ അമ്പേ പെരുകുകയാണ്. അതിക്രൂരവും ഹീനവുമായ ഭ്രൂണഹത്യകളുടെ എണ്ണം അനുനിമിഷം വർദ്ധിച്ചുപെരുകുന്നു. പരമനിസ്സഹായതയാണ് ഇവിടെ ചൂഷണം ചെയ്യപ്പെടുന്നത്.

രാഷ്ട്രീയപാർട്ടികളെ ശക്തിപ്പെടുത്താനും അധികാരക്കസേരകളിൽ കയറിപ്പറ്റാനും വേണ്ടി എത്രയെത്ര രാഷ്ട്രീയക്കൊലപാതകങ്ങളാണ് അനുദിനമെന്നോണം അരങ്ങേറുക? രാഷ്ട്രങ്ങൾ തമ്മിലുള്ള പകപോക്കലിനും അതിർത്തിത്തർക്കങ്ങൾക്കും ബലിയാടാകുന്നതും വിലപ്പെട്ട മനുഷ്യജീവനുകൾ തന്നെ. ഇല്ലാത്ത ദൈവങ്ങളെയും പിശാചിനെയും പ്രീതിപ്പെടുത്താൻ നടത്തപ്പെടുന്ന നിഷ്ഠൂര മനുഷ്യക്കുരുതികൾ മറ്റൊരു രംഗത്ത്!

ഇവിടെ നാം സഹതാപക്കണ്ണീർ തൂകിയതുകൊണ്ടു മാത്രം പ്രയോജനമില്ല. ഇവയെയൊക്കെ നഖശിഖാന്തം എതിർക്കുകയും ഇവയ്ക്കെതിരായി പ്രവർത്തിക്കുകയും വേണം. ഇത്തരം പൈശാചികത്വം പൊറുക്കപ്പെടാനും കുത്സിത കർത്താക്കളിൽ മാനസാന്തരം ഉണ്ടാകാനും പ്രാർത്ഥിക്കണം. പരിത്യാഗപ്രവൃത്തികൾ അനുഷ്ഠിക്കണം. സ്നേഹം സ്വന്തമാക്കി, സ്നേഹത്തിൽ ജീവിക്കുമ്പോൾ, സ്നേഹമാകുകയും സ്നേഹമേകുകയും ചെയ്യുമ്പോൾ മനുഷ്യന് അർത്ഥപൂർണ്ണവും അവികലവുമായ ആനന്ദം അനുഭവവേദ്യമാകും.

മനുഷ്യനെക്കുറിച്ചു പരാമർശിക്കവേയാണ് അവന്റെ മാഹാത്മ്യത്തെക്കുറിച്ചുള്ള ഈ ശാഖാചംക്രമണം. ഇനി പ്രകൃതത്തിലേയ്ക്കു മടങ്ങാം. ഈശ്വരച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഏകാന്തപഥികനായിരുന്നു. ദൈവം തന്റെ സ്വഭാവത്തിൽ അവനു നൽകിയ ഭാഗഭാഗിത്വത്തിന്, അവന്റെ സ്നേഹത്തിന് പ്രവഹിച്ചു പ്രവേശിക്കാൻ പ്രാപ്തമായ ഒരു പ്രതലം ഇനിയും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവനുചേർന്ന ഇണയെ (2:18) നൽകാൻ നല്ല ദൈവം തിരുമനസ്സാകുന്നു.

അവിടുന്നു മനുഷ്യനെ ഒരു ഗാഢനിദ്രയിലാഴ്ത്തുന്നു. സുഖസുഷുപ്തിയിലായ അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതുപയോഗിച്ച് സ്ത്രീക്കു ജന്മം നൽകുന്നു. അവിടുന്ന് അവളെ പുരുഷന്റെ പക്കൽ

കൊണ്ടുചെല്ലുന്നു. അവൻ വികാരതരളിതനായി, കൃതജ്ഞതാനിർഭരനായി, ഉദ്ഘോഷിക്കുന്നു. ഒടുവിൽ, ഇതാ, എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്നെടുക്കപ്പെട്ടതുകൊണ്ട് നാരിയെന്ന് ഇവൾ വിളിക്കപ്പെടും. (2:21-23)

ആദിയിലഖിലേശൻ നരനെ സൃഷ്ടിച്ചു
അവനൊരു തുണയുണ്ടായി, അവനൊരുസഖിയുണ്ടായി

ദൈവം ത്രിത്വസമൂഹമായിരിക്കുന്നതുപോലെ മനുഷ്യനും സമൂഹമായിരിക്കണം. പരിശുദ്ധത്രിത്വം സ്നേഹമായിരിക്കുന്നതുപോലെ, സ്നേഹപ്രവാഹമായിരിക്കുന്നതുപോലെ, മനുഷ്യനും സ്നേഹമായിരിക്കണം സ്നേഹപ്രവാഹമായിരിക്കണം. To live is to love. സ്നേഹിക്കപ്പെടുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. സ്നേഹം കൊടുത്താലേ പ്രതിസ്നേഹം കിട്ടൂ. ഓരോ നന്മയെ സംബന്ധിച്ചും ഇതു സത്യമാണ്. 'മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകന്മാരും. (മത്താ.7:12) വീണ്ടും, 'ഈ ചെറിയവരിലൊരുവനു ചെയ്തപ്പോൾ എനിക്കുതന്നെയാണു നിങ്ങൾ ചെയ്തത്; ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്.'

ദൈവം മനുഷ്യനെ മെനയുന്നതെന്തിനെന്ന് ഇവിടെ വ്യക്തമാണല്ലോ. ദൈവത്തെ അറിഞ്ഞു സ്നേഹിച്ച്, ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ജീവിച്ച്, സ്നേഹം പങ്കുവച്ച്, നിരന്തരം നന്മചെയ്ത് അവിടുത്തെ മഹത്ത്വപ്പെടുത്താനാണ് ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുന്നത്. ഓരോ മനുഷ്യനും വിശുദ്ധിയിൽ കർത്താവിനോട് ഒട്ടി നിൽക്കണം. ദൈവഭക്തിയിലും ദൈവജ്ഞാനത്തിലും അവൻ വളരണം.

### ആദവും ഹവ്വായും

തന്റെ പൊന്നോമനകൾക്കു പരമാനന്ദനിർവൃതിയിൽ തന്നോടൊത്തു വസിക്കാൻ പരാപരൻ ഒരു തോട്ടമുണ്ടാക്കി - ഏദൻതോട്ടം. സഹവാസം അനായാസമാകത്തക്കവിധം അചഞ്ചലമായ വിശ്വസ്തതയാൽ (ജറ. 31:3) അവിടുന്നവരെ പരിപാലിച്ചുമിരുന്നു. അവർ സദാകാലം മോദമായി ജീവിക്കണമെന്നതായിരുന്നു ദൈവഹിതം.

ആദിമമാതാപിതാക്കൾക്കു ലക്ഷ്യപ്രാപ്തിക്കുള്ള പന്ഥാവു സുഗമമാക്കുകയാണ് സർവശക്തനായ ദൈവം. കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും മണ്ണിൽ നിന്ന് അവിടുന്നു മുളപ്പിക്കുന്നു. അവർ ഭക്ഷിച്ചു ചിരംജീവികളാകാനുള്ള ജീവന്റെ വൃക്ഷം തോട്ടത്തിന്റെ നടുവിൽത്തന്നെ അവിടുന്നു

വളർത്തി. സൃഷ്ടി സ്രഷ്ടാവിനു വിധേയമായിരിക്കുകയെന്നത് സാമാന്യനീതിമാത്രമാണല്ലോ. ഇതു തെളിയിക്കാൻ ഉപാധിയും വച്ചു. ജീവന്റെ വൃക്ഷത്തിനടുത്ത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും അവിടുന്നു നട്ടുപിടിപ്പിച്ചു. അനന്തരം അവരോടു കല്പിക്കുന്നു, 'തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചു കൊള്ളുക. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നിങ്ങൾ തിന്നരുത്; തിന്നുന്ന ദിവസം നിങ്ങൾ മരിക്കും.' (2:17)

തന്റെ കണ്ണും കരളുമായ മനുഷ്യമക്കൾ സുരക്ഷിതരായിരിക്കണം അവർ യാതൊരപകടത്തിലും പതിക്കരുത്. അവർക്കു മാർഗ്ഗഭ്രംശം ഭവിക്കരുത്. ഈ സദുദ്ദേശ്യത്തോടെയാണ് അഖിലേശൻ അവർക്ക് ഇങ്ങനെയൊരു കല്പന നൽകിയത്. നിത്യം നന്മയിൽ നിലനിൽക്കുന്നതിനുള്ള സ്വാതന്ത്ര്യമെന്ന അമൂല്യനിധിയുടെ തീട്ടൂരമായിരുന്നു അത്. ഈശ്വരശാസനം ശിരസാവഹിച്ച്, അനവരതം നന്മചെയ്ത് അങ്ങനെ എപ്പോഴും ദൈവത്തെ മഹത്ത്വപ്പെടുത്താനുള്ള കഴിവാണ് യഥാർത്ഥ സ്വാതന്ത്ര്യം.

ആദവും ഹവ്വായും ഇപ്രകാരം സർവതന്ത്രസ്വതന്ത്രരായി ജീവിച്ചകാലമത്രയും അവർ പരമാനന്ദത്തിൽത്തന്നെയായിരുന്നു. ദൈവസ്നേഹം നുകർന്നും പ്രതിസ്നേഹം കൊടുത്തും പരസ്നേഹം പകർന്നും അഹോരാത്രം, അനുനിമിഷം അവർ ജീവിച്ചു. നിഖിലേശന്റെ നിർമ്മലസ്നേഹപ്രവാഹത്തിൽ അവരുടെ ആനന്ദനൗക നിർവിഘ്നം കുതിച്ചുപാഞ്ഞു കൊണ്ടിരുന്നു. നൗകയുടെ അമരക്കാരൻ അഖിലേശ്വരൻ തന്നെയായിരുന്നു.

ആ കുത്തൊഴുക്കിൽ അവരുടെ ഓരോ ഹൃദയസ്പന്ദനവും തിരുനാമ കീർത്തനമായി പരിണമിച്ചു. അവരുടെ മനസ്സിന്റെ പൂവനി മഹോന്നതന്റെ മാത്രം ശ്രീകോവിലായി വിരാജിച്ചു. അവരുടെ വിചാരവീഥികളിൽ അഖിലേശൻ സാഭിമാനം ജൈത്രയാത്ര നടത്തിക്കൊണ്ടിരുന്നു. അവരുടെ വികാരവീചികളിൽ അവിടുത്തെ കുളിർമ്മ അഹോരാത്രം പെയ്തിറങ്ങി. സർവസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന സർവശക്തൻ അവർക്കു സ്വന്തമായിരുന്നതിനാൽ മറ്റെന്തെങ്കിലും സമ്പത്ത് അവർക്ക് അഭികാമ്യമായിത്തോന്നിയിരുന്നില്ല.

സ്നേഹസ്വരൂപനായ ദൈവം അവരുടെ ഹൃദയങ്ങളിൽ സദാ വസിച്ചിരുന്നതുകൊണ്ട് വേറൊരു ഭാഗ്യവും അവർ ആഗ്രഹിച്ചില്ല. പരംപൊരുൾ അവരുടെ പാദങ്ങൾ നയിച്ചിരുന്നതിനാൽ വേറെ പാതകളൊന്നും അവർ അന്വേഷിച്ചതുമില്ല. ദുഃഖമെന്തെന്നറിയാതിരുന്നതിനാൽ അവർക്കു സാന്ത്വനമൊന്നും ആവശ്യമായിരുന്നില്ല. എപ്പോഴും ഈശ്വരന്റെ സഹചാരികളായിരുന്നതിനാൽ ഇതര സഖികളെക്കുറിച്ചുള്ള ചിന്ത

പോലും അവരുടെ മനസ്സിൽ അങ്കുരിച്ചില്ല. ദൈവം മാത്രമായിരുന്നു അവരുടെ ജീവിതലക്ഷ്യം; അവരുടെ അസ്തിത്വത്തിന്റെ സാരസർവസ്വം!

എപ്പോഴും ദൈവത്തോടൊപ്പമായിരുന്നതിനാൽ ലോകത്തെയോ അതിലുള്ള എന്തിനെയെങ്കിലുമോ സ്നേഹിക്കേണ്ട ഗതികേട് ആദിമാതാപിതാക്കൾക്കില്ലായിരുന്നു. ദൈവത്തിന്റെ വചനം അക്ഷരംപ്രതി പാലിച്ച് ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ അവരും പരിശുദ്ധരായിരുന്നു. ഈശ്വരചൈതന്യം അവരിൽ നിറഞ്ഞു നിന്നിരുന്നു. അവർ അവിടുന്നിലും അവിടുത്തോടുകൂടെയുമായിരുന്നു. ഇക്കാരണത്താൽ അവർക്കു തമ്മിൽത്തമ്മിലും അത്യഗാധവും അലംഘനീയവുമായ സ്നേഹവും ധാരണയും പരസ്പര വിശ്വാസവുമുണ്ടായിരുന്നു. ഒരേ കാര്യങ്ങൾ ചിന്തിച്ച്,ഒരേ സ്നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവുമുള്ളവരായി തങ്ങളുടെയും തമ്പുരാന്റെയും സന്തോഷം അവർ പൂർത്തിയാക്കി. പുരുഷൻ സ്ത്രീയുടെയും, സ്ത്രീ പുരുഷന്റെയും ന്യായമായ താത്പര്യങ്ങളെല്ലാം ഏറ്റം സന്തോഷമായും ശ്രദ്ധയോടും സംരക്ഷിച്ചുപോന്നു. (ഫിലി. 2:1-4)

തങ്ങളുടെ ഹിതത്തെ എപ്പോഴും ദൈവത്തിന്റെ തിരുഹിതത്തിനു വിധേയമാക്കാനും തദനുസാരം പ്രവർത്തിക്കാനുമുള്ള പ്രചോദനവും പ്രോത്സാഹനവും പ്രപഞ്ചനാഥൻ തന്നെ അവർക്കു പ്രദാനം ചെയ്തുകൊണ്ടിരുന്നു. കർത്താവിന്റെ കരങ്ങളിൽ മുറുകെപ്പിടിച്ച് മറുകരം ജീവിതസഖിയുടേതിലും കോർത്തിണക്കി അവർ മുമ്പോട്ടു നീങ്ങി. അനുസരണക്കേടെന്തെന്ന്, അസത്യമെന്തെന്ന്, അശുദ്ധിയെന്തെന്ന്, സ്വാർത്ഥതയെന്തെന്ന് അവർക്കറിഞ്ഞുകൂടായിരുന്നു. അസ്വസ്ഥതയും ആകുലതയും അവർക്ക് അജ്ഞാതമായിരുന്നു. വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്തുത്യർഹവും ഉത്തമവും പ്രശംസനീയവുമായ കാര്യങ്ങളിൽ മാത്രമേ അവർ ശ്രദ്ധവച്ചിരുന്നുള്ളു (ഫിലി.4:8).

കർത്താവിന്റെ പരിശുദ്ധമായ ആലയങ്ങളായിരുന്ന ആദിമദമ്പതിമാർ അവിടുത്തെ മഹത്ത്വത്തിന്റെ സമ്പന്നതയ്ക്കു യോജിച്ച വിധം അവിടുത്തെ ആത്മാവിൽ തങ്ങളുടെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്തി, അനുനിമിഷം വ്യാപരിച്ചിരുന്നു. അവർ ദൈവത്തിലായിരുന്നു. ദൈവം അവരിലും അതുകൊണ്ട് ദൈവത്തിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ അനായാസം അവർക്കു കഴിഞ്ഞു. (എഫേ.3:16-19)

ആത്മാവിന്റെ പ്രചോദനങ്ങൾ മാത്രമേ അവർക്ക് അനുഭവപ്പെട്ടിരുന്നുള്ളു. ദൈവത്തെ ആബ്ബാ-പിതാവേ എന്നു വിളിച്ച് അവിടുത്തോടുള്ള തങ്ങളുടെ ആത്മാർത്ഥമായ സ്നേഹാദരവുകളും കൃതജ്ഞതയും വിധേയത്വവും പ്രദർശിപ്പിച്ച് അവിടുത്തെ അങ്ങേയറ്റം അവർ പ്രസാദിപ്പിച്ചു

പോന്നു. തങ്ങളുടെ സ്രഷ്ടാവായ ദൈവത്തെ അവർ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും സർവശക്തിയോടും സ്നേഹിച്ചു. സ്വയം സ്നേഹിച്ചതുപോലെ ജീവിതസഖിയേയും സ്നേഹിച്ചു (മർക്കോ. 12:30-31).

കർത്താവിനെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ സംരക്ഷണത്തിന്റെ കരം എപ്പോഴും താങ്ങായുണ്ട്. അവരുടെ പ്രയത്നങ്ങളെയും പ്രവൃത്തികളെയുമെല്ലാം അവിടുന്നു ഫലമണിയിക്കുന്നു. ആദവും ഹവ്വായും പൂർണ്ണഹൃദയത്തോടെ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചിരുന്നു. അവിടുത്തെ തിരുനാമത്തെ അവർ നിത്യം സ്തുതിച്ചു പ്രകീർത്തിച്ചിരുന്നു. കരുണയോടെ തങ്ങളെ കടഞ്ഞെടുത്ത കർത്താവിലായിരുന്നു അവരുടെ സകലാശ്രയവും. തന്റെ ചിറകുകളുടെ കീഴിൽ മറച്ച്, കണ്ണിലെ കൃഷ്ണമണിപോലെ അവിടുന്ന് അവരെ കാത്തു സൂക്ഷിക്കുകയും ചെയ്തു. സദാ അവർക്കു തിരുമുഖദർശനമുണ്ടായിരുന്നു. കർത്താവിന്റെ കരങ്ങളിലാണ് അവർ ഉറങ്ങുകയും ഉണരുകയും ചെയ്തിരുന്നത്.
(സങ്കീ.5:11, 3:5, 9:12)

സ്നേഹസ്വരൂപനായ സർവ്വേശ്വരൻ എത്രശ്രേഷ്ഠമായ അവസ്ഥയിലാണ് മനുഷ്യരെ സൃഷ്ടിച്ചത്! ദൈവികമാനമുള്ള തനതായ വ്യക്തിത്വവും അസ്തിത്വവും അവർക്കു നൽകിയിരിക്കുന്നു. ദൈവത്തെയും സഹജീവികളെയും സ്നേഹിക്കുക, എപ്പോഴും ഏവർക്കും സർവാത്മനാ നന്മചെയ്യുക, സ്രഷ്ടാവിനു വിധേയരായി ജീവിക്കുക, സഹജീവികളുടെ വ്യക്തിത്വത്തെ മാനിക്കുക-ഇവയിലൊക്കെയാണ് അവരുടെ മഹത്ത്വം അടങ്ങിയിരിക്കുന്നത്.

ദൈവത്തെ സ്നേഹിക്കാനുള്ള അത്യുദാത്തമായ മാർഗ്ഗമാണു സഹോദരസ്നേഹം. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ, ആദരിക്കുമ്പോൾ, അംഗീകരിക്കുമ്പോൾ, അഭിനന്ദിക്കുമ്പോൾ, അവനുമായി പങ്കുവച്ചുജീവിക്കുമ്പോൾ അവയെല്ലാം തനിക്കുതന്നെ ചെയ്തതായി ദൈവം പരിഗണിക്കുന്നു. ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ എനിക്കു തന്നെയാണ് നിങ്ങൾ ചെയ്തത്. (മത്താ.25:40) മറിച്ചും എന്റെ ഏറ്റം എളിയവരായ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്. (മത്താ. 25:45)

<u>അധഃപതനം</u>

മാലാഖമാരുടെ പതനത്തെക്കുറിച്ച് പ്രാരംഭത്തിൽ സൂചിപ്പിച്ചുവല്ലോ. നന്മയുടെ ഉറവിടത്തിൽ നിന്നു വിച്ഛേദിക്കപ്പെട്ട ആ പിശാച് ആരെ വിഴുങ്ങേണ്ടുവെന്നറിയാതെ അലറുന്ന സിംഹത്തെപ്പോലെ ഓടിനടക്കുകയായിരുന്നു. ഈ പരക്കംപാച്ചിലിൽ പറുദീസായെക്കുറിച്ചും അവിടുത്തെ അന്തേവാസികളെക്കുറിച്ചും അവൻ മനസ്സിലാക്കുന്നു. വിഴുങ്ങി

യാൽ ശാശ്വതമായ ഫലമുളവാക്കാൻ പോന്ന ഇരകളാണ് അവിടെയു ള്ളതെന്ന് അവനു ബോധ്യമാവുന്നു. വിജയിച്ചാൽ ഒറ്റ ഉരുളയ്ക്ക് മാന വരാശി മുഴുവൻ അവന്റെ വക്ത്രത്തിലാകും.

പിശാചു തക്കം നോക്കി പറുദീസായിൽ പമ്മി നടക്കാൻ തുടങ്ങി (1 പത്രോ. 5:8). സ്ത്രീയെയാണ് അവൻ ഉന്നം വച്ചത്. അവൾ വഴി പുരുഷനെയും പാട്ടിലാക്കുക-അതായിരുന്നു അവന്റെ ലക്ഷ്യം. ഹവ്വാ തനിയെ ഒരിടത്തു നില്ക്കുന്ന ഒരു നിമിഷം അവനു കിട്ടി. സൂത്രത്തിൽ അവളുടെ അടുത്തു ചെന്ന് അവൻ ചോദിച്ചു, 'തോട്ടത്തിലെ ഒരു വൃക്ഷ ത്തിന്റെയും ഫലം തിന്നരുതെന്നു ദൈവം നിങ്ങളോടു കല്പിച്ചി ച്ചിട്ടുണ്ടോ? (3:1)

അനാവശ്യമായി, അനുചിതമായി, അന്യരുടെ രഹസ്യാത്മക ജീവി തത്തിൽ കയറി ഇടപെടുന്ന ചരിത്രത്തിലെ ആദ്യത്തെ സംഭവം! ചെയ്യ രുതാത്തതു ചെയ്യുക, പ്രവേശിക്കരുതാത്തിടത്തു പ്രവേശിക്കുക, രഹ സ്യാത്മകത ഭഞ്ജിക്കുക, അന്യരുടെ കാര്യങ്ങളിൽ തലയിടുക, വഞ്ചന നിരൂപിക്കുക, വഞ്ചന പ്രവർത്തിക്കുക, പ്രലോഭിപ്പിക്കുക-ഇവയൊക്കെ പിശാചിന്റെ ക്രൂരവിനോദങ്ങളാണ്. അതുകൊണ്ടുതന്നെയാണ് തമ്പു രാൻ കർശനമായ മുന്നറിയിപ്പു നൽകിയിരിക്കുന്നത്, 'പ്രലോഭനങ്ങളി ലുൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ' (മത്താ. 26:41) എന്ന്.

ആദിമമാതാവ് പ്രലോഭകനിൽ നിന്നും കുതറിയോടി തന്റെ സ്രഷ്ടാ വിന്റെ കരവലയത്തിൽ സുരക്ഷിതത്വം കണ്ടെത്തിയിരുന്നുവെങ്കിൽ! സ്നേഹത്താൽ പ്രേരിതനായി അവൾക്ക് അസ്തിത്വവും നിത്യജീവനും നൽകിയ നിഖിലേശന്റെ കാരുണ്യം അവൾ മറക്കാതിരുന്നുവെങ്കിൽ! ഇല്ല. ആ ട്രാജഡി സംഭവിക്കും! ഹവ്വാ സ്നേഹസ്വരൂപന്റെ സ്നേഹം തിരസ്കരിക്കും. പിശാചിന്റെ വൻചതിക്ക് അവൾ ഇരയാവും. കർത്താ വിനെ കദനക്കടലിലും അവിടുത്തെ സന്തതിപരമ്പരയെ പാപക്കടലിലും ആഴ്ത്തും. ദൈവത്തിന്റെ രഹസ്യം അവിടുത്തെ ശത്രുവിന് അവൾ വെളി പ്പെടുത്തും. അങ്ങനെ അവൾ സ്വയം വഞ്ചിതയാവും.

പിശാചിന്റെ അന്വേഷണത്തിൽ താത്പര്യം പ്രദർശിപ്പിച്ചുകൊണ്ട് അവൾ അവനോടു പറയുന്നു, 'തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ, തൊടുകപോലുമോ അരുത്; ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും' എന്നു ദൈവം പറഞ്ഞിട്ടുണ്ട്. (3:2-3) നുണയനും നുണയുടെ പിതാവുമായ പിശാചിനു (യോഹ.8:44) ഹവ്വായുടെ മൃദുലമായ ആ പ്രതി കരണം ഏറെ ആശ്വാസജനകമായിരുന്നിരിക്കണം.

ശ്രമസാധ്യമെന്നോ, പക്ഷെ അസാദ്ധ്യമെന്നോ കരുതിയ കാര്യം അനായാസം നേടിയെടുക്കാമെന്ന് അവനു തോന്നിയിരിക്കില്ലേ? അവൻ അടക്കിയ സ്വരത്തിൽ പറഞ്ഞു, 'ഇല്ല, നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം!

(3:4-5)

ചരിത്രത്തിൽ പറയപ്പെട്ട ഏറ്റം വലിയനുണ! നാളിതുവരെ മാനവരാശിയെ മലീമസാക്കിക്കൊണ്ടിരിക്കുന്ന ഏറ്റം വലിയ വിന! മാനവചരിത്രത്തിലെ ഏറ്റം വലിയ ചതി. വഞ്ചിക്കുകയും വഞ്ചിക്കപ്പെടുകയും ഇന്നും സർവസാധാരണമാണല്ലോ.

പിശാചിന്റെ കൗശലം, അവന്റെ കുശാഗ്രബുദ്ധി, സർവവിനാശകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നു. പരമദയനീയമായ ആ പതനം സംഭവിക്കുന്നു. പ്രലോഭകന്റെ കെണിയിൽ ആദ്യനാരി കുത്തനെ വീഴുന്നു. ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും അറിവേകാൻ കഴിവുള്ളതും തന്മൂലം അഭികാമ്യവുമാണെന്ന് കണ്ട് അവൾ തന്റെ സ്രഷ്ടാവിന്റെ കല്പന കാറ്റത്തു പറത്തിക്കൊണ്ട് തനിക്കു വിലക്കപ്പെട്ട ആ കനി കൈനീട്ടി അവൾ പറിച്ചു തിന്നുന്നു! ഭർത്താവിനും കൊടുക്കുന്നു. അവനും തിന്നുന്നു. ഉടനെ ഇരുവരുടെയും കണ്ണുകൾ തുറക്കുകയാണ്. തങ്ങൾ നഗ്നരാണെന്ന് അവർക്കു തോന്നുകയാണ്. (3:6-7) പ്രസാദവരവസ്ത്രം നഷ്ടപ്പെട്ടപ്പോൾ ഈശ്വരസവിധേ തങ്ങൾ നഗ്നരാണെന്ന് അവർ അനുമിക്കുന്നു.

അദ്ധ്യായം 2

# പിൻചെല്ലുന്നസ്നേഹം

നന്മയുടെ പൂർണ്ണിമ എന്നേക്കുമായി തിരോധാനം ചെയ്യുന്നു. തിന്മയുടെ തനിനിറം ആദിമമാതാപിതാക്കൾക്കു വ്യക്തമാവുന്നു. നന്മസ്വരൂപനായ നല്ല ദൈവത്തെ സംബന്ധിച്ച ഓർമ്മപോലും അവരെ ഭയവിഹ്വലരാക്കുന്നു. സ്നേഹത്താൽ പ്രേരിതനായി ഇല്ലായ്മയിൽ നിന്നു തങ്ങളെ സൃഷ്ടിക്കുകയും അനുനിമിഷം ഉള്ളംകൈയിൽ കാത്തു പരിപാലിക്കുകയും സമയാസമയങ്ങളിൽ വേണ്ടതെല്ലാം നൽകി അനുഗ്രഹിച്ചു പൂർണ്ണതൃപ്തരാക്കുകയും ചെയ്തിരുന്ന ആ സർവഗുണസമ്പന്നനിൽ നിന്ന്, ആ സ്നേഹസ്വരൂപനിൽ നിന്ന്, ആ കാരുണ്യമൂർത്തിയിൽ നിന്ന്, ആ സർവനന്മയിൽ നിന്ന്, ഓടിമറയാൻ അവർ നിർബന്ധിതരാകുന്നു.

ആദിമമാതാപിതാക്കളിൽ കുറ്റബോധം പത്തി ഉയർത്തുന്നു. അത് അവരെ കാർന്നു തിന്നുന്നു. അവരുടെ പാപത്തിരമാല അവരുടെ തലയ്ക്കുമീതെ ഉയരുന്നു. അത് ആകാശത്തോളം എത്തുന്നു. ലജ്ജ അവരുടെ മുഖങ്ങളെ ആവരണം ചെയ്യുന്നു. പ്രസാദവരവസ്ത്രം നഷ്ടപ്പെട്ട, ദൈവികജീവൻ നിഹനിക്കപ്പെട്ട, അവർ ചരിക്കുന്ന പ്രേതങ്ങളായി പരിണമിക്കുന്നു. തങ്ങൾ നഗ്നരാണെന്ന ചിന്ത അവരിൽ രൂഢമൂലമാവുന്നു. ദൈവം തങ്ങളെ ഇനി കാണുക പോലുമരുത് എന്ന ചിന്തയിൽ ശ്വാസം പോലും അടക്കിയാണ് അവർ ഒളിച്ചു നിൽക്കുന്നത്.

എങ്ങും പരിപൂർണ്ണ നിശ്ശബ്ദത! എവിടെയും ശ്മശാനമൂകത! അകലെ മറവിലായിരുന്നിട്ടുപോലും മഹേശ്വരന്റെ കാലൊച്ച അവർ വ്യക്തമായി കേൾക്കുന്നു! അവിടുന്നു പുരുഷനെ വിളിച്ചു ചോദിക്കുന്നു, 'ആദം, നീ എവിടെ?' മറവിൽ നിന്നു കൊണ്ടുതന്നെ അവൻ മറുപടി പറയുന്നു, 'തോട്ടത്തിൽ അവിടുത്തെ കാൽപ്പെരുമാറ്റം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ട് ഭയന്നൊളിച്ചതാണ്. അപ്പോൾ അഖിലേശൻ വീണ്ടും ചോദിക്കുന്നു. 'നീ നഗ്നനാണെന്നു നിന്നോട് ആരു പറഞ്ഞു? നിനക്കു വിലക്കപ്പെട്ട കനി നീ ഭക്ഷിച്ചോ?'

പാപത്തിന്റെ പരിണതഫലമായ പരാതിയും പരസ്പരാരോപണവും പ്രദക്ഷിണം തുടങ്ങുന്നു. പുരുഷൻ പരാപരനോടു പരാതിപ്പെടുന്നു. 'അങ്ങെനിക്കു കൂട്ടിനു തന്ന സ്ത്രീ ആ പഴം എനിക്കു തന്നു. ഞാനതു തിന്നു.'(3:13) സ്നേഹപ്രവാഹമായ, ക്ഷമാസാഗരമായ, കർത്താവിന്റെ പക്ഷത്തു പോലും തെറ്റു പറ്റിയിരിക്കുന്നു എന്നു തോന്നിക്കാത്തതല്ലേ ആദത്തിന്റെ മനോഭാവം? ആദ്യനാരി ആദ്യം അവന് 'എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസ

വുമായിരുന്നു. 'നരക'ത്തിൽ അവൾ അവന് 'എനിക്കു നീ തന്ന സ്ത്രീ' യായി മാറുന്നു! സ്വന്തം മജ്ജയും മാംസവും തന്നെ അവന് അന്യമാകുന്നു? ദൈവത്തിൽ നിന്നു മാത്രമല്ല, മനുഷ്യനിൽ നിന്നും പാപം മനുഷ്യനെ അകറ്റും.

ദൈവമായ കർത്താവു സ്ത്രീയോട് വിശദീകരണം ആവശ്യപ്പെടുന്നു. അവൾക്കു പിശാചുണ്ടു പഴിചാരാൻ. അവൾ പറയുന്നു, 'സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു'(3:13) 'ഞാൻ പിഴയാളി' ചൊല്ലാതെ, സ്വന്തം തെറ്റ് അംഗീകരിക്കാതെ പാപകാരണം അന്യരിൽ ആരോപിച്ച്, അസ്വസ്ഥതയുളവാക്കി മനുഷ്യജീവിതം നരകമാക്കുന്ന പ്രവണത ഇന്നും അരങ്ങുതകർക്കുകയാണ്. അക്ഷന്തവ്യമായ ഈ അപരാധമാണ് കുടുംബങ്ങളിലും സമൂഹങ്ങളിലും മനുഷ്യഹൃദയങ്ങളിലുമുള്ള നൂറുനൂറു പ്രശ്നങ്ങൾക്കു കാരണം. ഓരോരുത്തനും സ്വന്തം തെറ്റ് ഏറ്റു പറഞ്ഞ് 'എന്റെ പിഴ' ചൊല്ലി മാപ്പു ചോദിക്കാൻ തയാറാകുമെങ്കിൽ പ്രശ്നങ്ങളേറെയും എളുപ്പം പരിഹൃതമാകും.

അനുതപിച്ച്, മാപ്പുചോദിച്ച്, മഹേശ്വരനിലേയ്ക്കു മടങ്ങിയാൽ നഷ്ടപ്പെട്ട സ്വർഗ്ഗം ആർക്കും തിരിച്ചു പിടിക്കാം. വിനയവും ആത്മാർത്ഥതയും കൈമുതലായുള്ളവർക്കു തെറ്റ് ഏറ്റു പറയാനും അനുതപിക്കാനും അനുരഞ്ജനപ്പെടാനും ഏറെ എളുപ്പമാണ്. അധഃപതിച്ച മാലാഖമാർക്കു മോചനം അസാദ്ധ്യമായത് അവരുടെ അഹങ്കാരം മൂലമാണ്. അഹങ്കാരത്തിൽ നിന്നുള്ള സ്വയം കൃതാനർത്ഥമായിരുന്നല്ലോ അവരുടേത്. അനുതാപത്തിന്റെ കണികപോലും അവരിൽ ഉണ്ടായിരുന്നുമില്ല. ദൈവവുമായി നിത്യമായ ശത്രുതയിൽ കഴിയാൻ അഹങ്കാരം അവരെ പ്രേരിപ്പിച്ചു. ദൈവദാനമായ സ്വാതന്ത്ര്യത്തിന്റെ ഏറ്റം അപഹാസ്യമായ ദുരുപയോഗം! അവരുടെ കുറ്റം ഏറ്റം ഗുരുതരമായിരുന്നു. അനുതപിച്ചു മാനസാന്തരപ്പെടാനൊട്ടു കൂട്ടാക്കിയുമില്ല. തന്മൂലം ശിക്ഷ അങ്ങേയറ്റം കഠിനമായി. അധഃപതിച്ച മാലാഖമാരെല്ലാം നിത്യനരകാഗ്നിയിൽ നിപതിച്ചു.

സ്വർഗ്ഗവുമായി അവർ സന്ധിയില്ലാസമരം സമാരംഭിച്ചു. പരാപരനോടുള്ള ശത്രുതയുടെ ശാശ്വതമായ പകപോക്കലാണ് പറുദീസായിൽ അരങ്ങേറിയത്. പാവപ്പെട്ട മനുഷ്യനെ അവൻ തന്റെ കരുവാക്കി. ഇതു തിരിച്ചറിയാനുള്ള വിവേകം മനുഷ്യന് ഇല്ലാതെപോയി. തിരുലിഖിതത്തിൽ നിന്നുതന്നെ ഇതു വ്യക്തമാണ്. ദൈവമായ കർത്താവു സർപ്പത്തോടു പറയുന്നു, 'ഇതു ചെയ്തതുകൊണ്ട് നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയുമിടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞു നടക്കും. ജീവിതകാലം മുഴുവൻ നീ പൊടി തിന്നും.' (3:14)

### പ്രത്യാശയുടെ കിരണം

മാനവരാശിക്കു വന്നു ഭവിച്ച ഏറ്റം വലിയ വിപത്താണ് ഉത്ഭവ പാപം. പക്ഷെ, വഞ്ചിക്കപ്പെട്ട മനുഷ്യനിലേക്കു മഹേശ്വരന്റെ സ്നേഹം വീണ്ടും പ്രവഹിക്കുന്നു. വളരെ ശക്തമായിത്തന്നെ പ്രവഹിക്കുന്നു. കരുണ, ദയ, പാപമോചനം തുടങ്ങി കൈവഴികളായി പിരിഞ്ഞ് രക്ഷാസമുദ്രമായി അതു പരിണമിക്കുന്നു. വിശ്വേശ്വരന്റെ രക്ഷാവാഗ്ദാനം അനുസ്മരിക്കാം. 'നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും'. (3:15)

മനുഷ്യാവതാരം എന്ന മഹാരഹസ്യത്തിലേയ്ക്കു വിരൽ ചൂണ്ടുകയാണു തിരുവചനം. മഹോന്നതനു മനുഷ്യനോടുള്ള 'പിൻചെല്ലുന്ന സ്നേഹം' അത്ഭുതാവഹവും ആരാധ്യവുമത്രേ! അവിടുന്നു തന്നെ മനുഷ്യനു രക്ഷകനായി മഹിയിലവതരിച്ച് ആ സ്നേഹം വ്യക്തമാക്കിയിരിക്കുന്നു. ഈ മഹാഭാഗ്യത്തിനു നിദാനമായ ആദിമമാതാപിതാക്കളുടെ അപരാധത്തെ, ഉത്ഭവപാപത്തെ "Felix culpa, the happy sin' എന്നാണ് ക്രൈസ്തവവൈജ്ഞാനിക നഭോമണ്ഡലത്തിലെ അഗ്രേസരനായ സെന്റ് അഗസ്റ്റിൻ വിശേഷിപ്പിക്കുന്നത്. രക്ഷകമാതാവിനെ, ദൈവമാതാവിനെ, മാനവരാശിയുടെയും മാതാവായി ലഭിച്ചതും അഗസ്റ്റിന്റെ ആഹ്ലാദത്തിമർപ്പിന് നിദാനമായി കണക്കാക്കാം.

### രക്ഷിക്കുന്ന സ്നേഹം

മനുഷ്യാവതാരത്തിനു മുമ്പുതന്നെ, അതിന്റെ യോഗ്യത കാലേകൂട്ടി സ്വീകരിച്ച് കാരുണ്യവാനായ സ്നേഹസ്വരൂപനായ കർത്താവ് മനുജനു നിത്യരക്ഷ സമ്മാനിച്ചുകൊണ്ടിരുന്നു. ആദിമമാതാക്കൾപോലും പ്രസ്തുത കൃപയ്ക്ക് അർഹരായി. ഈ സത്യം തിരുവചനം സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ് "ദൈവമായ കർത്താവ് തോലുകൊണ്ട് ഉടയാട ഉണ്ടാക്കി ആദത്തെയും അവന്റെ ഭാര്യയെയും ധരിപ്പിച്ചു." (3:21) തന്റെ സ്നേഹപ്രവാഹത്തിൽ അവരുടെ പാപം കഴുകി അവരെ വിശുദ്ധീകരിക്കുന്നു. വേദപുസ്തകത്തിൽ വസ്ത്രം പ്രസാദവരത്തെ, ദൈവീകജീവനെ, സൂചിപ്പിക്കുന്നു. (മത്താ. 22:12) രക്ഷകന്റെ ആഗമനം വരെ, തന്റെ അരുമസുതൻ, സമയത്തിന്റെ പരിപൂർത്തിയിൽ, പാപത്തിന്റെ മേൽ കൈവരിക്കാനിരുന്ന വിജയം കണക്കിലെടുത്ത്, സ്നേഹസ്വരൂപനായ ദൈവം, അവിടുന്നിൽ വിശ്വസിച്ച്, മനസ്സാക്ഷിയുടെ ആമന്ത്രണമനുസരിച്ച് ജീവിച്ചവരെയെല്ലാം, നിത്യനാശത്തിൽ നിന്നു രക്ഷിച്ചിരിക്കുന്നു! എല്ലാം ദൈവസ്നേഹപ്രവാഹത്തിന്റെ വിവിധങ്ങളായ ഘട്ടങ്ങൾ!

"ദൈവസ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾപോരാ
നന്ദിചൊല്ലിത്തീർക്കുവാനീ ജീവിതം പോരാ!"

ഈ സ്നേഹത്തിന്റെ മാധുര്യം അനുഭവിച്ചറിഞ്ഞിട്ടും മായാമോഹങ്ങൾക്കടിപ്പെട്ട് അതിനെ തിരസ്കരിച്ചതാണ് മാനവചരിത്രത്തിലെ ആദ്യത്തെ ഏറ്റം ദുഃഖപര്യവസായിയായ നാടകം. കോടാനുകോടികൾ ലോകമെങ്ങും ഇന്നും പാപാന്ധകാരത്തിൽ നട്ടംതിരിയുകയാണ്. അതുകൊണ്ടുതന്നെയാണ് ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ സ്നേഹനാഥനായ കർത്താവു കല്പിക്കുന്നത്. "സമയം പൂർത്തിയായിരിക്കുന്നു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കണം." നിത്യരക്ഷയ്ക്കുള്ള മാർഗ്ഗം ഇതു മാത്രമാണ്.

<u>സഹനം</u>

ദൈവം സ്നേഹമായിരിക്കുന്നതുപോലെ അവിടുന്നു നീതിയുമാണ്. തന്റെ സ്നേഹം തിരസ്കരിച്ച്, തന്നെ ധിക്കരിച്ച് തന്നോട് അവിശ്വസ്തത പ്രകടിപ്പിച്ച ആദിമമാതാപിതാക്കൾക്കെതിരേ അവിടുന്നു നീതി നടപ്പാക്കുന്നു. നിത്യശിക്ഷയിൽ നിന്നു രക്ഷിച്ചെങ്കിലും പറുദീസായിൽ നിന്ന് അവരെ പുറത്താക്കുന്നു. തുടർന്ന് ഒരു ശാപവും. "തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കുകേട്ടു തിന്നതുകൊണ്ട് നീ മൂലം മണ്ണു ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്ക്കാലം മുഴുവൻ നീ കഠിനാധ്വാനം ചെയ്തു കാലയാപനം ചെയ്യും. മുള്ളും മുൾച്ചെടിയുമായിരിക്കും മണ്ണു നിനക്കായി മുളപ്പിക്കുക. മണ്ണിൽ നിന്നെടുക്കപ്പെട്ട നീ മണ്ണോടു ചേരുന്നതുവരെ നെറ്റിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദിക്കും. പൊടിയായ നീ പൊടിയിലേക്കു തന്നെ മടങ്ങും." (3:17-19)

തന്റെ ജീവിതസഖിയുടെ സഹനങ്ങളിലെല്ലാം പങ്കുചേരുന്നതിനു പുറമേ പ്രത്യേകമായൊരു ശാപം കൂടി ഹവ്വായ്ക്ക് ഏല്ക്കേണ്ടി വന്നു. ദൈവം പറഞ്ഞു. "നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർദ്ധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും" (3:16) നിരവധി ചിന്തകർക്ക് എന്നെന്നും കീറാമുട്ടിയായിരുന്നു സഹനം. സഹനത്തിന്റെ ഉറവക്കണ്ണ് ഉത്ഭവപാപത്തിലാണെന്ന് ഏവരും വ്യക്തമായി മനസ്സിലാക്കണം. പെസഹാരഹസ്യത്തിലൂടെ അതു രക്ഷാകരമായിയെന്നതാണ് ആശാസപ്രദമായ സദ്വാർത്ത. 'ഉഷ്ണം ഉഷ്ണേന ശാന്തി'. ക്രിസ്തു തന്റെ സഹനത്തിലൂടെ സഹനത്തെ രക്ഷയ്ക്കുള്ള ഉപാധിയാക്കിയിരിക്കുന്നു. രവീന്ദ്രനാഥടാഗോർ തന്റെ വിശ്വോത്തരകൃതി, ഗീതാഞ്ജലിയിൽ, സഹനത്തെ ലോകം, പിശാച്, ശരീരം ഇവയിൽ നിന്നു മനുഷ്യനെ മുറിച്ചുമാറ്റി മഹോന്നതനിലേയ്ക്കടുപ്പിക്കാനുള്ള വാളായി അവതരിപ്പിച്ചിരി

ക്കുന്നു. തിന്മയ്ക്കെതിരെ വിജയകരമായി യുദ്ധം ചെയ്യാൻ ഈ വാൾ മനുഷ്യനെ സഹായിക്കുന്നു, സഹായിക്കണം.

<u>കായേനും ആബേലും</u>

'സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ, ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ' (1:28) എന്ന ആദിമമാതാപിതാക്കൾക്കു കൈവന്ന അഖിലേശാനുഗ്രഹം അധഃപതനാനന്തരവും അവരിൽ നില നിന്നുപോന്നു. അവരുടെ പരസ്പര സ്നേഹം പ്രവഹിച്ചു കായേൻ, ആബേൽ എന്ന രണ്ടു കൈവഴികളായി ഒഴുകുന്നു, കായേൻ കൃഷിക്കാരനായി, ആബേൽ ആട്ടിടയനും.

തമ്പുരാനു തങ്ങളോടുള്ള സീമാതീതമായ സ്നേഹം അനുഭവിച്ച് ഇരുവരും വളർന്നു. സ്നേഹാനുഭവം വ്യത്യസ്ഥ അളവുകളിലായിരുന്നുവെന്നു മാത്രം. ആബേലിനാണ് അത് ഏറെ ആഴത്തിൽ അനുഭവവേദ്യമായത്. അഗാധമായ വിശ്വാസം അവനു കൈമുതലായുണ്ടായിരുന്നെന്നതു തന്നെ അതിനുള്ള സ്ഥായിയായ കാരണം. പ്രതിസ്നേഹവും പ്രതിനന്ദിയും പ്രദർശിപ്പിക്കാൻ അവർ പരിശ്രമിച്ചിരുന്നു. ഇരുവരും ഈശ്വരനു സ്തോത്രബലിയർപ്പിച്ചു. കായേൻ കൃഷിക്കാരനായിരുന്നതിനാൽ തന്റെ വിളവിന്റെ ഒരു ഭാഗമാണ് അവൻ അർപ്പിച്ചത്. ആട്ടിടയനായ ആബേൽ തന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽക്കുഞ്ഞുങ്ങളെയെടുത്തു കൊന്ന് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ ദൈവത്തിനു ദഹനബലിയായി സമർപ്പിച്ചു. (4:4)

കായേന്റെ ബലി ദൈവനീതിയ്ക്കു നിരക്കുന്നതായിരുന്നില്ല. അവൻ ഉചിതമായി പ്രവർത്തിച്ചില്ല. (4:7) അവനു വിശ്വാസം തുലോം കുറവായിരുന്നു. ദൈവത്തെ തന്റെ സാരസർവസ്വവുമായി സ്വീകരിക്കുന്നതിന്റെ, അംഗീകരിക്കുന്നതിന്റെ, അവിടുത്തേയ്ക്കുള്ള തന്റെ ആത്മസമർപ്പണത്തിന്റെ സമാവിഷ്കാരമായി, അവിടുത്തേയ്ക്കുള്ള പരമാരാധനയായി, കൃതജ്ഞതയായി തന്റെ വിളയിലെ വിഭവങ്ങളിൽ ഏറ്റംനല്ലവ നിഖിലേശനു തിരുമുൽക്കാഴ്ചയർപ്പിക്കാൻ അവൻ കൂട്ടാക്കിയില്ല. ദൈവത്തിലാശ്രിയിക്കുന്നതിനു പകരം അവൻ തന്നിൽത്തന്നെ ആശ്രയിച്ചു. തിന്മയിൽ വ്യാപരിക്കുന്നതിലാണ് അവൻ ആനന്ദം കണ്ടെത്തിയത്. അതിനാൽ കായേനിലും അവന്റെ കാഴ്ചവസ്തുക്കളിലും കർത്താവു പ്രസാദിച്ചില്ല. (4:5)

വിശ്വാസം മൂലം ആബേൽ കായേന്റേതിനേക്കാൾ ശ്രേഷ്ഠമായ ബലി തന്റെ സ്രഷ്ടാവിനു സമർപ്പിച്ചു. അവൻ എല്ലാം ഉചിതമായി ചെയ്തു. അവന്റെ ജീവിതം അങ്ങേയറ്റം നിഷ്കളങ്കമായിരുന്നു. അവൻ നീതിയെ സ്നേഹിച്ചു. നീതിയിൽ വ്യാപരിച്ചു. തന്റെ സ്തോത്രബലി

വഴി അവൻ കർത്താവിനെ, തിരുനാമത്തിനു യോജിച്ച വിധം, മഹത്വപ്പെടുത്തി. ആബേലിന്റെ അഭയശിലയും ശക്തികേന്ദ്രവും അഖിലേശ്വരനായിരുന്നു.

കർത്താവിന്റെ സ്വരം സശ്രദ്ധം ശ്രവിച്ച്, അവിടുത്തെ വഴികളിലൂടെ അവൻ നിരന്തരം സഞ്ചരിച്ചു. പൂർണ്ണ ഹൃദയത്തോടെ അവൻ കർത്താവിലാശ്രയിച്ചു. വിശ്വാസം, സ്നേഹം, നീതി ഇവവഴി അവൻ കർത്താവിനോട് ഒട്ടി നിന്നു. പ്രത്യാശ അവന്റെ കൈകളിൽ കെടാവിളക്കായി ഉണ്ടായിരുന്നു. തിന്മയെ അവൻ വെറുത്തു. തന്മൂലം കർത്താവ് അവനെ സ്നേഹിച്ചു. ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും അഖിലേശൻ അതീവസന്തുഷ്ടനായി.

ആബേലിന്റെ കാഴ്ചകളിൽ കർത്താവു സംപ്രീതനായതും തന്റെ കാഴ്ചകളിൽ സംപ്രീതനാകാതിരുന്നതും കായേനെ അത്യധികം പ്രകോപിപ്പിച്ചു. അവന്റെ മുഖം കറുത്തിരുണ്ട കാർമേഘം പോലെയായി. മനുഷ്യന്റെ ഏറ്റം നിഗൂഢവിചാരങ്ങൾ പോലും ഗ്രഹിക്കുന്ന മഹോന്നതൻ അവനോടു വിശദീകരണം തേടുന്നു. താൻ സ്നേഹിക്കുന്നവരെ അവിടുന്നു ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. (വെളി. 3:19) അവർ അനുതപിച്ചു മാനസാന്തരപ്പെടാനാണ് അവിടുന്ന് അങ്ങനെ ചെയ്യുന്നത്. "നീ കോപിച്ചിരിക്കുന്നതെന്തു കൊണ്ട്? ഉചിതമായതു പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്നോർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം." (4:6-7) കായേനെ തിരുത്തി നേർവഴി കൊണ്ടുവരാനുള്ള കർത്താവിന്റെ വിഫലമായ ശ്രമം!

നിഖിലേശശാസനം കായേന് അനുഗ്രഹപ്രദമാവുന്നില്ല. അവൻ കൂടുതൽ വഷളാവുകയാണ്. അവൻ പാപത്തെ കീഴടക്കുന്നതിനു പകരം പാപം അവനെ കീഴടക്കുന്നു. അവൻ പിശാചിന്റെ പിണിയാളാവുന്നു. നന്മയ്ക്കെതിരെ അവൻ സമരം ആരംഭിക്കുന്നു. കായേൻ തിന്മയുടെയും ആബേൽ നന്മയുടെയു പ്രതീകമാണ്. തിന്മ എപ്പോഴും നശിപ്പിക്കാനും കൊല്ലാനും ആഗ്രഹിക്കുന്നു. ലക്ഷ്യപ്രാപ്തിക്കു ചതിരുപായങ്ങളും പ്രയോഗിക്കുന്നു. കായേൻ സ്നേഹമഭിനയിച്ച് ആബേലിനെ തന്റെ വയലിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. വയലിലായിരിക്കെ, ആബേലിനോട് അകാരണമായിക്കയർത്ത്, അവനെ കൊല്ലുന്നു. മാനവചരിത്രത്തിലെ ആദ്യത്തെ കൊലപാതകം! തിന്മ നന്മയെ ഗ്രസിച്ച ആദ്യത്തെ സംഭവം! നിന്ദ്യവും നിഷ്ഠുരവുമായ സഹോദരവധം!

തിന്മയുടെ പ്രതികരണം എപ്പോഴും വിചിത്രമായിരിക്കുമല്ലോ. 'നിന്റെ സഹോദരൻ ആബേൽ എവിടെ?' എന്ന സ്നേഹസ്വരൂപന്റെ സ്നേഹസമന്വിതമായ അന്വേഷണത്തിന് അവൻ പ്രതികരിക്കുന്നതു

നോക്കുക. 'എനിക്കറിഞ്ഞുകൂടാ. സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?' (4:9) ധിക്കാരത്തിന്റെ പാരമ്യം! സൃഷ്ടി സ്രഷ്ടാവിനെ ചോദ്യം ചെയ്യുന്നു! തെറ്റ് ഏറ്റുപറഞ്ഞ് പാപമോചനം പ്രാപിച്ച് പരാപരനുമായി രമ്യപ്പെടാനുള്ള സുവർണ്ണാവസരമായിരുന്നു അത്. ഈ ആഹ്വാനം അനുസ്യൂതം ശ്രാവ്യമാണ്. "വരുവിൻ, നമുക്കു രമ്യപ്പെടാം, നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളി പോലെ വെളുക്കും." (ഏശ.1:18) അനുതപിക്കുന്ന പാപിയുടെ ഏതുതെറ്റും, അത്രെത്ര ഗുരുതരമായിരുന്നാലും, വ്യവസ്ഥയില്ലാതെ ക്ഷമിക്കുന്നവനാണു പരാപരൻ. (ലൂക്കാ. 15:7) പക്ഷേ കായേൻ മറുതലിച്ചു നിന്നു വീണുകിട്ടിയ അസുലഭാവസരം നഷ്ടമാക്കുകയാണു ചെയ്തത്.

'കൊല്ലരുത്' എന്ന പരമപ്രധാനമായ പരാപരശാസനമാണ് അവൻ ലംഘിച്ചത്. സ്വന്തം സഹോദരനെ കൊല്ലുകയാൽ, സ്വന്തം രക്തം ചിന്തുകയാൽ, അവന്റെ പാപത്തിന്റെ ഗൗരവം പലമടങ്ങു വർദ്ധിക്കുന്നു. കായേന്മാരുടെ എണ്ണം നിതരാം പെരുകിക്കൊണ്ടിരിക്കയാണ്. എത്രയോ മനുഷ്യരാണ് അനുനിമിഷം ആഹുതി ചെയ്യപ്പെടുക? സൃഷ്ടിസാകല്യത്തിന്റെ തിലകക്കുറിയും മണിമകുടവുമായ മനുഷ്യന്, മനുഷ്യജീവൻ ഇന്നു യാതൊരു വിലയുമില്ലാത്തതായിരിക്കുന്നു. മനുഷ്യനെ വെറുക്കുന്നതും (1യോഹ. 3:15) അവനെ തേജോവധം ചെയ്യുന്നതും കൊലപാതകമാണ്. ഇത്തരം മനുഷ്യക്കുരുതികളിൽ നിന്നു മാനവരാശിക്കു മോചനമാകുന്ന ആ സുദിനത്തിനായി പ്രാർത്ഥിച്ചു കാത്തിരിക്കാം.

കായേന്റെ പാപം അത്യന്തം ഗൗരവമുള്ളതായിരുന്നു. അവൻ അനുതപിച്ചു പാപം ഏറ്റു പറഞ്ഞില്ല. അതുകൊണ്ടു തന്നെ അവനു പരംപൊരുളിന്റെ ശാപം ഏറ്റുവാങ്ങേണ്ടിവന്നു. അവിടുന്നു പറയുന്നു, "നിന്റെ സഹോദരന്റെ രക്തം മണ്ണിൽ നിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ കൈയിൽ നിന്നു നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാപിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും. കൃഷി ചെയ്യുമ്പോൾ മണ്ണു നിനക്ക് അർഹമായ പ്രതിഫലം നൽകുകയില്ല. നീ ഭൂമിയിൽ അലഞ്ഞുതിരിയുന്നവനായിരിക്കും." (4:10-12)

തനിക്കു സംഭവിച്ചിരിക്കുന്നതെന്തെന്നു ഗ്രഹിക്കാൻ കായേന് ഏറെസമയം വേണ്ടിവന്നില്ല. അവൻ കർത്താവിനോടു സങ്കടമുണർത്തിക്കുന്നു. "എനിക്കു വഹിക്കാവുന്നതിലും വളരെ വലുതാണ് ഈ ശിക്ഷ അവിടുന്ന് എന്നെ ഇന്ന് ഈ സ്ഥലത്തുനിന്ന് ആട്ടിപ്പായിച്ചിരിക്കുന്നു. അവിടുത്തെ സന്നിധിയിൽ നിന്നു ഞാൻ ഒളിച്ചു നടക്കണം. ഞാൻ ഭൂമിയിൽ ഉഴലുന്നവനായിരിക്കും. കാണുന്നവരെല്ലാം എന്നെ കൊല്ലാൻ ശ്രമിക്കും." (4:13-14)

കായേന്റെ ഹൃദയഭേദകമായ കരച്ചിൽ കർത്താവിന്റെ കരളലിയിക്കുന്നു. അവിടുത്തെ ക്ഷമിക്കുന്ന സ്നേഹം അവനിലേയ്ക്കു വീണ്ടും പ്രവഹിക്കുന്നു. അവനെ ആശ്വസിപ്പിച്ചുകൊണ്ട് അവിടുന്ന് അരുൾ ചെയ്യുന്നു, 'ആരും നിന്നെ കൊല്ലുകയില്ല.' ആരും അവനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെ മേൽ ഒരടയാളം പതിക്കുന്നു. അവിടുന്നു ശപഥം ചെയ്യുന്നു, "കായേനെ കൊല്ലുന്നവന്റെ മേൽ ഏഴിരട്ടിയായി ഞാൻ പ്രതികാരം ചെയ്യും." (4:15) "രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം ഭവിച്ചിട്ടില്ല." (ഏശ. 59:1)

<u>പാപം പെരുകുന്നു</u>

ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഉത്ഭവപാപം ഉളവാക്കിയത്. ആദത്തിന്റെ സന്തതികൾ നിരന്തരം പാപത്തിനടിപ്പെട്ടു പരാപരനെ സദാ വേദനിപ്പിച്ചുകൊണ്ടിരുന്നു. മനുഷ്യനെ മെനഞ്ഞതിൽ അവിടുന്നു പരിതപിക്കേണ്ടി വരുന്നു. (6:6) പൊറുക്കാനാവാത്ത വിധം പാപം വർദ്ധിച്ചു പെരുകി. ഒന്നൊഴിയാതെ മനുഷ്യരെല്ലാം ദുർമാർഗ്ഗികളായി. അനീതിയും അത്യാഗ്രഹവും എല്ലാത്തരം അശുദ്ധിയും ആനന്ദതാണ്ഡവം നടത്തി. അഹങ്കാരം, അസൂയ, കലഹം, വഞ്ചന, ഏഷണി, പരദ്രോഹം, ധിക്കാരം, ദൈവനിന്ദ, അസത്യം, അക്രമം, അനുസരണമില്ലായ്മ, അവിശ്വസ്തത, ക്രൂരത–അങ്ങനെ സകലവിധ തിന്മകളും കേളിയാട്ടം തുടങ്ങി. ഇത്തരം കൃത്യങ്ങൾ ചെയ്യുന്നവർ മരണാർഹരാണ് എന്ന ദൈവകല്പന ഉള്ളതാണല്ലോ. (റോമ. 1:18-32)

<u>ജലപ്രളയം</u>

മനുഷ്യരുടെ ദുഷ്ടതയ്ക്കും അനീതിക്കുമെതിരായി ദൈവത്തിന്റെ കോപം ജ്വലിച്ചു. ദൈവനീതി പ്രാവർത്തികമാക്കാതെ തരമില്ല. അവിടുന്ന് അരുളിച്ചെയ്യുന്നു, "എന്റെ സൃഷ്ടിയായ മനുഷ്യനെ ഭൂമുഖത്തുനിന്നു ഞാൻ തുടച്ചു മാറ്റും. മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പറവകളെയും ഞാൻ നാമാവശേഷമാക്കും. അവയെ സൃഷ്ടിച്ചതിൽ ഞാൻ ദുഃഖിക്കുന്നു." (6:7) തീരുമാനം നടപ്പാക്കാൻ മഹേശ്വരൻ നാല്പതു രാവും നാല്പതു പകലും ഭൂമുഖത്തെല്ലാം മഴ പെയ്യിക്കുന്നു. ജലപ്രളയമായി. നാൾക്കുനാൾ ജലം വർദ്ധിച്ചുകൊണ്ടിരുന്നു. ആകാശത്തിൻ കീഴ് തലയുയർത്തിനിന്ന സകലപർവതങ്ങളും വെള്ളത്തിനടിയിലാകത്തക്കവിധം പതിനഞ്ചു മുഴം വരെ പർവതങ്ങൾക്കു മീതെ വെള്ളമുയർന്നു. മനുഷ്യനുൾപ്പെടെ കരയിൽ വസിച്ചിരുന്ന പ്രാണനുള്ളവയെല്ലാം ചാകുന്നു. പ്രളയം നൂറ്റമ്പതു ദിവസം നീണ്ടു നില്ക്കുന്നു. (7:4-24)

പ്രളയക്കെടുതിയുടെ കാലത്തെയും സോദോം ഗോമോറായെയും കൈ ആധുനികലോകം കടത്തി വെട്ടിയിരിക്കുകയാണ്. എല്ലാത്തരം തിന്മകളും എങ്ങുമെമ്പാടും താണ്ഡവനൃത്തം ചെയ്യുകയാണ്. ദൈവ നീതി കോപിക്കുന്നതിന്റെ എത്രയെത്ര ഉദാഹരണങ്ങളാണ് അനുനിമിഷം ആവിഷ്കരിക്കപ്പെടുക? പക്ഷേ ഇവയ്ക്കൊന്നും തുറക്കേണ്ട നമ്മുടെ കണ്ണുകൾ തുറക്കാൻ കഴിയുന്നില്ലെന്നതാണു ദുഃഖസത്യം.

വർദ്ധിച്ചു പെരുകിയിരിക്കുന്ന പാപമാണ് ലോകത്തിലെ പ്രശ്നങ്ങൾക്കെല്ലാം കാരണം. ദൈവസ്നേഹപ്രവാഹത്തെ വെല്ലുവിളിച്ചു കൊണ്ട് ഊഹ്യവും ഊഹാതീതവുമായ പാപങ്ങളുടെ പ്രളയപ്രവാഹം പഞ്ചഭൂഖണ്ഡങ്ങളിലും കരകവിഞ്ഞൊഴുകുകയാണ്. ആധുനിക മനസ്സുകൾ രോഗാതുരമാണ്. അവയുടെ സ്മരണ മണ്ഡലങ്ങളിൽ ദുഃഖം തലങ്ങും വിലങ്ങും വേരു പാകിയിരിക്കുന്നു. തലച്ചോറു മുഴുവൻ ക്ലേശങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. മനസ്സിനെ ഭാരപ്പെടുത്തുന്ന ആപത്ക്കരമായ ചിന്തകൾ കൊണ്ടു ഹൃദയം കുത്തിനിറയ്ക്കപ്പെട്ടിരിക്കുന്നു!

മറുമരുന്നെന്തെങ്കിലും ഉണ്ടോ? വിടുതിയുണ്ടോ, ആധുനികലോകത്തിന്? തീർച്ചയായും ഉണ്ട്. വ്യക്തമായ മോചനമാർഗ്ഗമുണ്ട്. പാപവും പാപമാർഗ്ഗങ്ങളും പാടേ പരിവർജ്ജിച്ചു പരംപൊരുളിന്റെ പാദാന്തികത്തിൽ അണയുക. പരാപരന്റെ പാദപത്മങ്ങൾ ഗ്രഹിച്ചു പാപങ്ങൾ ഏറ്റുപറഞ്ഞു മാപ്പു ചോദിക്കുക. മാനവരാശിയെ നാശത്തിൽ നിന്നു രക്ഷിക്കാൻ ഒരു ശാസ്ത്രത്തിനും കഴിയുകയില്ല. ക്രിസ്തുവിന്റെ അമൂല്യമായ തിരുരക്തത്തിനുമാത്രമേ ഇതു കഴിയൂ. ആ തിരുരക്തത്തിൽ മുങ്ങിക്കുളിക്കുക. ജ്ഞാനസ്നാനത്തിലൂടെയും കുമ്പസാരത്തിലൂടെയും ഇതു സാധിക്കും. വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവർ ശിക്ഷിക്കപ്പെടും.

അദ്ധ്യായം 3

# നീതിമാനായ നോഹ

ജലപ്രളയത്താൽ നശിപ്പിക്കപ്പെട്ട ആ ശപിക്കപ്പെട്ട തലമുറയിലും കറയറ്റ ഒരു മനുഷ്യനുണ്ടായിരുന്നു-നീതിമാനായ നോഹ. അവൻ എപ്പോഴും തിന്മയെ വെറുത്ത് കർത്താവിന്റെ മാർഗ്ഗത്തിൽ ചരിച്ചിരുന്നു. പരമാർത്ഥ ഹൃദയനായിരുന്നതുകൊണ്ട് ദൈവം അവനെ ആനന്ദതൈലം കൊണ്ടു പൂശി. ആർദ്രഹൃദയനും ദയാനിധിയുമായ സർവ്വേശ്വരന്റെ കൃപ അവന്റെമേൽ എന്നെന്നും ഉണ്ടായിരുന്നു. അവന്റെ ജീവനെ അവിടുന്നു സദാപരിപാലിച്ചു. ദുഷ്ടരുടെ ഇടയിൽ നിന്ന് അവനെ രക്ഷിക്കുകയും ചെയ്തു.

നീതിമാനായ നോഹയിലൂടെ മാനവരാശിയെ നിലനിർത്താൻ നിഖിലേശന്റെ സ്നേഹം അവിടുത്തെ നിർബന്ധിക്കുന്നു. ഒരിക്കലും അസ്തമിക്കാത്തതാണല്ലോ അഖിലേശസ്നേഹം. ദൈവസ്നേഹപ്രവാഹം അങ്ങനെ ഇടമുറിയാതെ തുടരുകയാണ്. നോഹിന്റെ പെട്ടകം അവനുള്ള ദൈവപരിപാലനയുടെയും സംരക്ഷണത്തിന്റെയും സാദൃശ്യമാണ്. എല്ലായിനം കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയും വംശങ്ങളെ നോഹിനുവേണ്ടി അവിടുന്നു നിലനിർത്തുന്നു. നീതിമാനുള്ള നിഖിലേശന്റെ സ്നേഹം ഹൃദ്യവും ഹൃദയാവർജ്ജകവുമായ രീതിയിൽ ആവിഷ്കരിക്കപ്പെടുന്നതാണ് നാം ഇവിടെ കാണുക (6,7 അധ്യായങ്ങൾ).

ദൈവത്തിന്റെ സ്നേഹം നോഹയിലേക്കു പ്രവഹിക്കുന്നു. അവിടുത്തെ അത്ഭുതാവഹമായ സ്നേഹ പരിപാലനകൾക്കു പ്രതിനന്ദിയായി നോഹ ഒരു ബലിപീഠം നിർമ്മിച്ച് ദൈവത്തിനു ദഹനബലിയർപ്പിക്കുന്നു. അവന്റെ ബലിയിൽ സംപ്രീതനായ കർത്താവ് ഉടമ്പടി ചെയ്യുന്നു. മനുഷ്യൻ നിമിത്തം ഭൂമിയെ ഇനിയൊരിക്കലും ഞാൻ ശപിക്കുകയില്ല. എന്തെന്നാൽ തുടക്കം മുതലേ അവന്റെ അന്തരംഗം തിന്മയിലേക്കു ചാഞ്ഞിരിക്കുകയാണ്. (8:20-21) ഉദ്ഭവപാപംമൂലം മനുഷ്യനിൽ മുളയെടുത്ത മാറ്റാനാവാത്ത അവന്റെ ബലഹീനതയിൽ അവനോടു സഹതപിക്കുന്ന ദൈവം! സഹതാപം, സഹാനുഭൂതി ഇവയൊക്കെ സ്നേഹത്തിന്റെ ആവിഷ്കാരങ്ങളാണല്ലോ. നിഖിലേശന്റെ നിർമ്മല സ്നേഹപ്രവാഹത്തിലായിരിക്കുക നീതിമാന്റെ അസുലഭഭാഗ്യമാണ്.

**അബ്രാം**

തനിക്കായി താൻ സൃഷ്ടിച്ച മനുഷ്യൻ തന്നിലേയ്ക്കു തിരിഞ്ഞു സംതൃപ്തി കണ്ടെത്തണമെന്നതാണു തമ്പുരാന്റെ തിരുഹിതം. ഒരുവനും

നശിച്ചുപോകാതെ എല്ലാവരും രക്ഷിക്കപ്പെടണം, ദൈവസ്നേഹത്തിന്റെ നിർബന്ധമാണത്. ലക്ഷ്യപ്രാപ്തിക്കു ഒരേയൊരു വഴിയേ ഉള്ളൂ. ദൈവം മനുഷ്യനായി അവതരിച്ചു മാനവരാശിയുടെ പാപത്തിനു പരിഹാരം ചെയ്യുക. അതിരുകളില്ലാത്ത അവിടുത്തെ സ്നേഹം ഈ മഹാത്യാഗത്തിനു മഹോന്നതനെ പ്രേരിപ്പിക്കുന്നു.

ത്രിത്വസ്നേഹസമൂഹത്തിലെ സുതൻ ഈ ദൗത്യം ഏറ്റെടുക്കുന്നു. "ഇതാ ഞാൻ വരുന്നു; ... എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ ആനന്ദം." (സങ്കീ. 40:7-8) ദൗത്യനിർവഹണത്തിനു ഭൂമിയിൽ അവതരിക്കാൻ തനിക്ക് ഒരമ്മയുടെ സഹായം അവശ്യാവശ്യകമായിരുന്നു. പ്രസ്തുത മാതാവിനും തുടർന്നു തന്റെ തിരുസുതനും ജനിക്കാൻ ഒരു പ്രത്യേക സമൂഹത്തെ പിതാവായ ദൈവം തെരഞ്ഞെടുത്ത് ഒരുക്കുന്ന ഒരു അനന്യപ്രതിഭാസം മാനവചരിത്രത്തിൽ നാം കാണുന്നു. അങ്ങനെ ആ സ്നേഹപ്രവാഹം തുടരുന്നു. ഈ പ്രക്രിയയുടെ പ്രാരംഭമായി അവിടുന്ന് നോഹിന്റെ സന്തതിപരമ്പരയിൽപ്പെട്ട അബ്രാമിനെ വിളിച്ചു തനിക്കായി വേർതിരിക്കുന്നു.

അബ്രാമിലേയ്ക്കുള്ള ദൈവസ്നേഹപ്രവാഹം അങ്ങേയറ്റം ശക്തമാണ്. ദൈവം അവനോട് അരുൾ ചെയ്യുന്നു. "നിന്റെ ദേശത്തേയും ബന്ധുക്കളേയും പിതൃഭവനത്തേയും വിട്ട് ഞാൻ കാട്ടിത്തരുന്ന നാട്ടിലേയ്ക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. ഞാൻ നിന്നെ അനുഗ്രഹിക്കും. നിന്റെ പേരു ഞാൻ മഹത്തരമാക്കും. അങ്ങനെ നീ തന്നെ ഒരനുഗ്രഹമാകും." (12:1-2) ലോകരക്ഷയുടെ ഉറവക്കണ്ണിയായിക്കൊണ്ടാണ് അബ്രാം അനുഗ്രഹമാകുന്നത്. ഈ രക്ഷ അവകാശമാക്കുകയാണ് ഓരോ മനുഷ്യന്റെയും കർത്തവ്യം. അവനിലൂടെ എല്ലാ ജനതകളും അനുഗ്രഹീതമാകും. ദൈവത്തിന്റെ സ്നേഹത്തിലും ആ സ്നേഹത്തിന്റെ ആവിഷ്കാരമായ അവിടുത്തെ രക്ഷാകരകർമ്മത്തിലും വിശ്വസിക്കുന്നവരുടെ പിതാവാണല്ലോ അവൻ.

കർത്താവിന്റെ കല്പന കുറവെന്യേ നിറവേറ്റുന്നവരാണു നീതിമാന്മാർ. അവരുടെ മുഖമുദ്രയാണത്. കല്പിച്ചതുനുസരിച്ചു താമസംവിനാ അബ്രാം പുറപ്പെടുകയായി. വിശ്വാസമാണ് അവനെ നയിച്ചിരുന്നത്. (എബ്രാ.11:8) അവൻ യാത്ര ചെയ്ത് കാനാൻ ദേശത്തെത്തി. ദൈവം അവിടെ പ്രത്യക്ഷപ്പെട്ട് അവനോട് അരുൾ ചെയ്തു. "ഈ നാട് നിന്റെ സന്തതികൾക്കു ഞാൻ നല്കും." അബ്രാമിനു ദൈവത്തോടുള്ള സ്നേഹവും നന്ദിയും ആരാധനയുടെ രൂപഭാവങ്ങൾ സ്വീകരിക്കുന്നു. തനിക്കു പ്രത്യക്ഷപ്പെട്ട് തന്നെ അനുധാവനം ചെയ്തു നയിച്ചുകൊണ്ടിരിക്കുന്ന കർത്താവിനു കാനാനിൽ ഒരു ബലിപീഠം പണിത് അവിടുത്തെ നാമം വിളിച്ച് അവൻ ആരാധിക്കുന്നു.(12:4-9)

കർത്താവിൽ വിശ്വസിക്കുക, അവിടുത്തെ കല്പന ശിരസ്സാവഹിക്കുക, അവിടുത്തെ ആരാധിക്കുക-ഇവയാണ് യഥാർത്ഥ മുക്തി മാർഗ്ഗം.എന്നാൽ, ഇന്നിവയെല്ലാം കമ്മിയായിക്കൊണ്ടിരിക്കയാണ്. ദൈവത്തെ മറന്ന്, സ്വാർത്ഥതയിലും മ്ലേച്ഛതയിലും മദിച്ച്, ദ്രവ്യാസക്തിയിൽ മുഴുകി ജീവിതസാഗരത്തിൽ ഒഴുകുകയാണ് മിക്കവരും ഇന്ന്. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തു കൊടുക്കും?." (മത്താ. 16:26) പരിതാപകരമായ, സർവാപകടകരമായ ഈ അവസ്ഥയെ അതിജീവിച്ചെങ്കിലേ മുക്തി കൈവരൂ.

ദൈവത്തെ അറിഞ്ഞ്, സ്നേഹിച്ച്, അവിടുത്തെ പ്രമാണങ്ങളനുസരിച്ചു ജീവിച്ച്, വിശുദ്ധിയിൽ അവിടുത്തേയ്ക്കും അവിടുത്തെ മക്കൾക്കും ശുശ്രൂഷ ചെയ്യുകയാണ് അതിനുള്ള വഴി. വിശുദ്ധ പത്രോസിന്റെ ഉപദേശം വിരൽത്തുമ്പിൽ ഓടിയെത്തുന്നു. "ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയങ്ങളിൽ പൂജിക്കുവിൻ." (1 പത്രോ.3:15) നിങ്ങളുടെ വിശ്വാസത്തെ സുകൃതം കൊണ്ടും സുകൃതത്തെ ജ്ഞാനം കൊണ്ടും ജ്ഞാനത്തെ ആത്മസംയമനം കൊണ്ടും ആത്മസംയമനത്തെ ക്ഷമകൊണ്ടും ക്ഷമയെ ഭക്തികൊണ്ടും ഭക്തിയെ സഹോദരസ്നേഹം കൊണ്ടും സഹോദരസ്നേഹത്തെ ഉപവി (ദൈവസ്നേഹം) കൊണ്ടും സമ്പൂർണ്ണമാക്കാൻ നന്നായി ഉത്സാഹിക്കുവിൻ. (2 പത്രോ.1:6-7)

കെണികളിൽ കുടുങ്ങാതെ, വഞ്ചനയിലും വക്രതയിലും വഴുതി വീഴാതെ, അശുദ്ധിയിൽ മുഴുകാതെ, അനീതിയിൽ തളയ്ക്കപ്പെടാതെ അഖിലേശനു പരമാരാധനയർപ്പിച്ച്, അവിടുത്തെ മാർഗ്ഗത്തിൽ അനുനിമിഷം നടന്നു നീങ്ങിയ അബ്രാമിൽ അവിടുന്ന് അതീവ സംപ്രീതനായി. അവന്റെ വിശുദ്ധിക്കും വിശ്വസ്തതയ്ക്കും പ്രതിസമ്മാനം നല്കാൻ പ്രകൃതിനാഥൻ തിരുമനസ്സാകുന്നു. ദർശനത്തിൽ അവിടുത്തെ അരുളപ്പാട് അവനു കിട്ടുന്നു, "അബ്രാം, ഭയപ്പെടേണ്ടാ; ഞാൻ നിനക്കു പരിചയാണ്. നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും." (15:1)

എന്നാൽ ഇതുവരെയും അബ്രാമിന് സന്താനലാഭം ഉണ്ടായിരുന്നില്ല. ഈ ദുഃഖസത്യം പ്രഖ്യാപിച്ചുകൊണ്ട് അവൻ ദൈവത്തോട് ആരാഞ്ഞു, "കർത്താവായ ദൈവമേ, സന്താനങ്ങളില്ലാത്ത എനിക്ക് എന്തു പ്രതിഫലമാണ് ലഭിക്കുക? എന്റെ വീട്ടിൽ പിറന്ന ദാസരിലൊരുവനായിരിക്കും എന്റെ അവകാശി." വീണ്ടും അവനു കർത്താവിന്റെ അരുളപ്പാട്. "അവനായിരിക്കുകയില്ല നിന്റെ അവകാശി. നിന്റെ മകൻ തന്നെ നിന്റെ അവകാശിയായിരിക്കും." (15:2-4) അബ്രാമിനെ പുറത്തേയ്ക്ക് ആനയിച്ചിട്ടു ദൈവം അവനോടു പറയുന്നു, "ആകാശത്തേയ്ക്കു

നോക്കുക. ആ കാണുന്ന നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ നിനക്കു കഴിയുമോ? നിന്റെ സന്താപരമ്പര അതുപോലെയായിരിക്കും." അവൻ കർത്താവിൽ വിശ്വസിച്ചു. അത് അവന് നീതികരണമായി. (15:5-6)

ദൈവത്തിന്റെ സ്നേഹപരിപാലനകൾ അനുഭവിച്ചറിയാൻ വിശ്വാസം അത്യന്താപേക്ഷിതമാണ് വിശ്വാസം. ആബേലും ഹെനോക്കും നോഹയും നിഖിലേശന്റെ സ്നേഹസാഗരത്തിൽ സാകൂതം, സാനന്ദം നീന്തിത്തുടിച്ചതു വിശ്വാസമാകുന്ന കവചം ധരിച്ചുകൊണ്ടാണ്. വിശ്വാസം മൂലം ആബേൽ കായേന്റേതിനേക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനു സമർപ്പിച്ചുവല്ലോ! അവന്റെ കാഴ്ചകളുടെ മാഹാത്മ്യത്തെക്കുറിച്ചു മഹോന്നതൻ തന്നെ സാക്ഷ്യം നൽകിയിരിക്കുന്നു. മരിച്ചെങ്കിലും തങ്ങളുടെ വിശ്വാസത്തിലൂടെ പൂർവപിതാക്കൾ ഇന്നും സംസാരിക്കുന്നു. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ!

ഹെനോക്ക് വിശ്വാസം മൂലം ദൈവത്തെ പ്രസാദിപ്പിച്ചു. അതുകൊണ്ടുതന്നെ മരണത്തിനടിപ്പെടാതെ അവൻ ദൈവസന്നിധിയിലേയ്ക്കു സംവഹിക്കപ്പെട്ടു. നോഹ, കർത്താവിന്റെ കല്പനപ്രകാരം, പെട്ടകം പണിതതു വിശ്വാസത്തിന്റെ നിർബന്ധം നിമിത്തമാണ്. വിശ്വാസം കൊണ്ട് അവൻ ലോകത്തെ കുറ്റം വിധിക്കുകയും വിശ്വാസത്തിൽ നിന്നു ഉവാകുന്ന നീതിയുടെ അവകാശിയാവുകയും ചെയ്തു. (എബ്രാ. 11:7) വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക അസാധ്യമാണ്.

തന്റെ അനന്തമായ സ്നേഹം വാഗ്ദാനങ്ങളോടു വിശ്വസ്തത പുലർത്താൻ പരാപരനെ പ്രേരിപ്പിക്കുന്നു. അബ്രാമിനു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം വീണ്ടും അവനു പ്രത്യക്ഷപ്പെടുന്നു. അവിടുന്ന തന്നെത്തന്നെ അവനു വെളിപ്പെടുത്തുന്നു. "സർവശക്തനായ ദൈവമാണു ഞാൻ." തുടർന്ന് അവനോടു കല്പിക്കുന്നു, "എന്റെ മുമ്പിൽ വ്യാപരിക്കുക." ദൈവത്തിൽ വിശ്വസിക്കുന്നവർ, അവിടുത്തെ സ്നേഹിക്കുന്നവർ, ഇങ്ങനെയായിരിക്കണം. അനന്തരം അഖിലേശൻ തന്റെ വാഗ്ദാനം ആവർത്തിച്ചുറപ്പിക്കുന്നു, "നീ അനവധി ജനതകൾക്കു പിതാവായിരിക്കും. ...അതിനാൽ, ഇനിമേൽ നിന്റെ പേർ അബ്രാഹം എന്നായിരിക്കും." (17:1-5)

വാഗ്ദാനങ്ങളോടു വിശ്വസ്തതപുലർത്തി തന്റെ ദിവ്യസ്നേഹപ്രവാഹത്തെ നയിക്കുന്ന ദൈവത്തെക്കുറിച്ചുള്ള പരിചിന്തനം ജോഷ്വയുടെ അവിസ്മരണീയമായ വാക്കുകൾ നമ്മെ അനുസ്മരിപ്പിക്കുന്നു. "നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങൾക്കു വാഗ്ദാനം ചെയ്തിട്ടുള്ള വിശിഷ്ടമായ കാര്യങ്ങളിൽ ഒന്നു പോലും സഫലമാകാതിരുന്നിട്ടില്ലെന്നു നിങ്ങൾക്കു പൂർണ്ണമായി അറിയാമല്ലോ. നിങ്ങൾക്കു വേണ്ടി എല്ലാം നിറവേറി. ഒന്നും വിഫലമായിട്ടില്ല. നിങ്ങളുടെ ദൈവമായ കർത്താവ് വാഗ്ദാ

നങ്ങൾ നിറവേറ്റിയതുപോലെ ഭീഷണിയും നിറവേറ്റും. നിങ്ങൾ അവിടുത്തെ ഉടമ്പടി ലംഘിച്ച് അന്യദേവന്മാരെ സേവിച്ചാൽ അവിടുത്തെ കോപം നിങ്ങളുടെ മേൽ ജ്വലിക്കും." (ജോഷ്വ 23:14-16) "ആകയാൽ കർത്താവിനെ ഭയപ്പെടുകയും ആത്മാർത്ഥതയോടും വിശ്വസ്തതയോടും അവിടുത്തെ സേവിക്കുകയും ചെയ്യുവിൻ." (24:14)

മുകളിൽ പരാമർശിച്ച ഉടമ്പടി ഉടയവൻ അബ്രഹാമിനു നല്കിയത് ഇപ്രകാരമാണ്." ഇതാ! നീയുമായുള്ള എന്റെ ഉടമ്പടി. ഞാൻ നിന്നെ അനവധി ജനതകളുടെ പിതാവാക്കിയിരിക്കുന്നു. നീ സന്താനപുഷ്ടിയുള്ളവനാകും. നിന്നിൽ നിന്നു ജനതകൾ പുറപ്പെടും. രാജാക്കന്മാരും നിന്നിൽ നിന്നുത്ഭവിക്കും. ഞാൻ എന്നേയ്ക്കും നിനക്കും നിന്റെ സന്തതികൾക്കും ദൈവമായിരിക്കും. നീ പരദേശിയായി പാർക്കുന്ന ഈ കാനാൻ ദേശം മുഴുവൻ നിനക്കും നിന്റെ സന്തതികൾക്കുമായി ഞാൻ നൽകും. ...നീയും നിന്റെ സന്തതികളും തലമുറതോറും, എന്റെ ഉടമ്പടി പാലിക്കണം." (17:6-9)

ദൈവത്തിന്റെ സ്നേഹപ്രവാഹത്തിന്റെ നിർണ്ണായക ഘട്ടമാണ് അബ്രാഹവുമായുള്ള അവിടുത്തെ ഉടമ്പടി. നിലയ്ക്കാതെ, നിഷ്ഠയോടെ പ്രവഹിക്കുകയാണു നിഖിലേശസ്നേഹം. അതു കരകവിഞ്ഞൊഴുകുകയാണ്.സ്നേഹത്തിന്റെ മാത്രമല്ല, ക്ഷമ, സഹവർത്തിത്വം, അംഗീകാരം, ആദരവ് ആദിയായവയുടെയും പ്രകാശനമാണ് ഉടമ്പടി. അബ്രാഹവുമായുള്ള  ഉടമ്പടി മഹേശ്വരൻ തന്നെ മുൻകൈയെടുത്ത് ഊട്ടിയുറപ്പിക്കുന്നുവെന്നത് അവിടുത്തെ സ്നേഹത്തിന്റെ ആഴം തെളിയിക്കുന്നു.അബ്രാഹവും സന്തതികളുമായുള്ള അഖിലേശന്റെ ശാശ്വതമായ സ്നേഹോടമ്പടിയുടെ ചിഹ്നമായി അവരിലെ പുരുഷന്മാരെല്ലാം പരിച്ഛേദനം ചെയ്യണമെന്നു ദൈവം അബ്രാഹത്തോടു കല്പിക്കുന്നു. "നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിച്ഛേദനം ചെയ്യണം. ...അങ്ങനെ എന്റെ ഉടമ്പടി നിന്റെ മാംസത്തിൽ ശാശ്വതമായ ഒരുടമ്പടിയായി നിലനില്ക്കും." (17:10-13)

സ്നേഹം പ്രതിസ്നേഹത്താലേ കടം വീടൂ. പ്രതിസ്നേഹത്തിന്റെ പ്രതീകമായി അബ്രാഹം അഖിലേശശാസനം അക്ഷരശ: അനുസരിക്കുന്നു. The secret of obeying is loving. അവൻ പരിച്ഛേദന വിധേയനാവുന്നു. തനിക്കു ദാസിയിൽ ജനിച്ച ഇസ്മായേലിനേയും തന്റെ അധീനതയിലുണ്ടായിരുന്ന ഇതരപുരുഷന്മാരെയും അവൻ പരിച്ഛേദനം ചെയ്യുന്നു. (17:23-27). വിശ്വാസം, പ്രത്യാശ, സമർപ്പണം തുടങ്ങിയ ദൈവിക പുണ്യങ്ങളുടെ ആവിഷ്കാരവും പരിച്ഛേദനം അർത്ഥമാക്കുന്നു.

അങ്ങനെ വീക്ഷിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. ബാഹ്യമെന്നതിനേക്കാൾ ആന്തരികമായിരിക്കണം പരിച്ഛേദനം. ജറമിയ 4:4-ൽ

നാം വായിക്കുന്നു, "യൂദാനിവാസികളേ, ജറുസലെം പൗരന്മാരെ, കർത്താവിനായി നിങ്ങളെ തന്നെ പരിച്ഛേദനം ചെയ്യുവിൻ; ഹൃദയ പരിച്ഛേദനം സ്വീകരിക്കുവിൻ." പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതുന്നു, "ആന്തരികമായി യഹൂദനായിരിക്കുന്നവനാണ് യഥാർത്ഥ യഹൂദൻ, ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർത്ഥ പരിച്ഛേദനം." (2:29) വീണ്ടും, "അവനിൽ നിങ്ങളും പരിച്ഛേദനം സ്വീകരിച്ചിരിക്കുന്നു. കൈകളാൽ നിർവഹിക്കപ്പെടുന്ന പരിച്ഛേദനമല്ല, അധമവാസനകളെ നിർമ്മാർജ്ജനം ചെയ്യുന്ന ക്രിസ്തുവിന്റെ പരിച്ഛേദനം." (കൊളോ 2:11) മാനവമാനസങ്ങൾ മഹോന്നതനു തുറന്ന് അവിടെ അവിടുത്തെ പ്രതിഷ്ഠിക്കുക,അതാണ് യഥാർത്ഥ പരിച്ഛേദനം.

## വാഗ്ദാനം നിറവേറുന്നു

അബ്രാഹത്തോടുള്ള അഖിലേശവാഗ്ദാനം നിറവേറാനുള്ള സുമോഹന നിമിഷം സമാഗതമായിരിക്കുന്നു. അവിടുന്ന് അബ്രാഹത്തെ അറിയിക്കുന്നു, "നിന്റെ ഭാര്യ സാറായി ഇനി സാറാ എന്നു വിളിക്കപ്പെടും. ഞാൻ അവളെ അനുഗ്രഹിക്കും. അവൾ ജനതകളുടെ മാതാവാകും. അവളിൽ നിന്നു ജനതകളുടെ രാജാക്കന്മാർ ഉത്ഭവിക്കും. നിന്റെ ഭാര്യ സാറാ തന്നെ നിനക്കൊരു പുത്രനെ പ്രസവിക്കും. നീ അവനെ ഇസഹാക്ക് എന്നു വിളിക്കണം. അവനുമായും അവന്റെ സന്തതികളുമായും നിത്യമായ ഒരുടമ്പടി ഞാൻ സ്ഥാപിക്കും." (17:15-19)

കർത്താവു സാറായെ അനുഗ്രഹിച്ചു. വൃദ്ധനായ അബ്രാഹത്തിൽ നിന്ന് അവൾ ഗർഭം ധരിച്ച് ദൈവം പറഞ്ഞ സമയത്തു തന്നെ പുത്രനെ പ്രസവിച്ചു. ഈശ്വരനിർദ്ദേശപ്രകാരം, കുട്ടിക്ക് ഇസഹാക്ക് എന്ന് അവർ പേരിട്ടു. കുഞ്ഞു പിറന്ന് എട്ടാം ദിവസം തന്നെ പിതാവായ അബ്രാഹം, പരംപൊരുളിന്റെ കല്പനപ്രകാരം, അവനെ പരിച്ഛേദനം ചെയ്തു. കുഞ്ഞു പ്രായത്തിലും ജ്ഞാനത്തിലും വളർന്നു വന്നു. കർത്താവിനു കഴിയാത്തതായി എന്തെങ്കിലുമുണ്ടോ? ഇസഹാക്കിലൂടെ അബ്രാഹം മഹത്തും ശക്തവുമായ ഒരു ജനമായിത്തീരും. ഭൂമിയിലെ ജനമെല്ലാം അവനിലൂടെ അനുഗ്രഹിക്കപ്പെടും." (18:14-18)

## കരുണയും നീതിയും

സ്നേഹം മാത്രം നൽകി, നീതിയും ന്യായവും പ്രവർത്തിച്ച കർത്താവിന്റെ വഴിയിലൂടെ നടക്കാനായിരുന്നു ദൈവം ഒരു ജനത്തെ തെരഞ്ഞെടുത്തത്. ഇക്കാര്യത്തിൽ സോദോം-ഗൊമോറാ നിവാസികൾ പരിതാപകരമായി പരാജയപ്പെടുന്നു. അവർ എല്ലാത്തരം മ്ലേച്ഛതകളിലും മുഴുകി ജീവിക്കുന്നു. നഗരങ്ങളെ നശിപ്പിക്കാൻ ദൈവനീതി നിർബന്ധിതമാകുന്നു. ഈ സാഹചര്യത്തിലും ദൈവത്തിന്റെ അനന്തമായ

സ്നേഹവും അത്ഭുതാവഹമായ കരുണയും വ്യക്തമാക്കുന്ന ഒരു മനോഭാവം അവിടുന്നിൽ നാം കാണുന്നു.

നഗരങ്ങളോടു താൻ ചെയ്യാൻ പോകുന്നതു അബ്രാഹത്തിനു വെളിപ്പെടുത്തുന്നു. "സോദോമിനും ഗൊമോറായ്ക്കുമെതിരായുള്ള മുറവിളി വളരെ വലുതാണ്. അവരുടെ പാപം ഗുരുതരവുമാണ്." (18:20) ഇതു കേട്ടയുടനെ അവൻ കർത്താവിനോടു മാധ്യസ്ഥ്യം യാചിക്കുകയായി. "ദുഷ്ടന്മാരോടൊപ്പം നീതിമാന്മാരെയും അങ്ങു നശിപ്പിക്കുമോ? നഗരത്തിൽ അമ്പതു നീതിമാന്മാരുണ്ടെങ്കിൽ അങ്ങ് അതിനെ നശിപ്പിച്ചു കളയുമോ? അവരെ പ്രതി ആ സ്ഥലത്തെ ശിക്ഷയിൽ നിന്നൊഴിവാക്കയില്ലേ!" കർത്താവ് അരുളിച്ചെയ്യുന്നു, "സോദോം നഗരത്തിൽ അമ്പതു നീതിമാന്മാരെ ഞാൻ കണ്ടെത്തുന്ന പക്ഷം അവരെപ്രതി ആ സ്ഥലത്തോടു മുഴുവൻ ഞാൻ ക്ഷമിക്കും." തുടർന്ന്, അബ്രാഹത്തിന്റെ അഭ്യർത്ഥനപ്രകാരം ക്ഷമിക്കുന്നതിന് ആവശ്യമായ എണ്ണം നാല്പത്തഞ്ച്, നാല്പത്, മുപ്പത്, ഇരുപത്, പത്തുവരെ പരാപരൻ കുറയ്ക്കുന്നു. പത്തു പേരെ പ്രതി നഗരം നശിപ്പിക്കാതിരിക്കാമെന്ന് അവിടുന്നു വാഗ്ദാനം ചെയ്യുന്നു. (18:22-33) കർത്താവിന്റെ സ്നേഹവും, കാരുണ്യവും ദീർഘക്ഷമയമായി, ദീനാനുകമ്പയായി ഒഴുകുകയാണ്. പക്ഷെ ആ പട്ടണത്തിൽ നീതിമാനായി ഒരുവൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അബ്രാഹത്തിന്റെ സഹോദരസുതൻ ലോത്ത്. അതുകൊണ്ട് നഗരങ്ങളെ നശിപ്പിക്കാൻ നിഖിലേശൻ നിർബന്ധിതനാകുന്നു.

ദൗത്യനിർവഹണത്തിനായി ദൈവം രണ്ടു ദൂതന്മാരെ നിയോഗിക്കുകയാണ്. അവർ ലോത്തിനെ അറിയിക്കുന്നു, "ഈ സ്ഥലം നശിപ്പിക്കാൻ ദൈവം ഞങ്ങളെ നിയോഗിച്ചിരിക്കയാണ്. നിനക്കു പുത്രന്മാരോ, പുത്രിമാരോ, മരുമക്കളോ, മറ്റാരെങ്കിലുമോ ഈ നഗരത്തിലുണ്ടെങ്കിൽ എല്ലാവരെയും ഉടൻ പുറത്തു കടത്തിക്കൊള്ളുക. നഗരത്തോടൊപ്പം നിങ്ങളും നശിപ്പിക്കപ്പെടാതിരിക്കാൻ വേഗം പുറപ്പെടുക."

ലോത്തു മടിച്ചു നിൽക്കുകയാണ്. എന്നിട്ടും കർത്താവിന്റ കരുണ അവനിലേയ്ക്കു പ്രവഹിക്കുന്നു. നീതിമാന് എപ്പോഴും കർത്താവിന്റെ സംരക്ഷണം സുനിശ്ചിതമാണല്ലോ. ആയിരം തലമുറവരെ അവിടുത്തെ കാരുണ്യം അവനോടൊപ്പം ഉണ്ടായിരിക്കും. കർത്താവിന്റെ ദൂതന്മാർ ലോത്തിനെയും ഭാര്യയെയും മക്കളെയും കൈയ്ക്കു പിടിച്ചു നഗരത്തിനു പുറത്തുകൊണ്ടു പോയി വിടുന്നു. ദൈവദൂതന്മാരിൽ ഒരുവൻ അവനോടു പറയുന്നു, "ജീവൻ വേണമെങ്കിൽ ഓടിപ്പോവുക. പിൻതിരിഞ്ഞു നോക്കരുത്. മലമുകളിലേയ്ക്ക് ഓടി രക്ഷപ്പെടുക. അല്ലെങ്കിൽ നിങ്ങൾ വെന്തു നശിക്കും." (19:17)

ആധുനിക മനുഷ്യനും രക്ഷയ്ക്ക് ഒരു വഴിയേ ഉള്ളൂ. പാപത്തിന്റെ സോദോമിൽ നിന്ന്, പിൻതിരിഞ്ഞു നോക്കാതെ, ഓടിപ്പോവുക. ഹൊറെബിലേയ്ക്ക്, ദൈവത്തിന്റെ മലയിലേയ്ക്ക്, ദൈവത്തിന്റെ തിരുസ്സന്നിധി വരെ മടുപ്പു കൂടാതെ ഓടുക. അവിശ്രമം പരിശ്രമിച്ച് അഖിലേശന്റെ പരിശുദ്ധിയിൽ പങ്കുചേരുക. ഇവിടെ യാതൊരു വിട്ടുവീഴ്ചയ്ക്കും സാധ്യതയില്ല. വിട്ടുവീഴ്ചയ്ക്കു തയ്യാറാകുന്നവൻ, പിൻതിരിഞ്ഞു നോക്കുന്നവൻ, ലോത്തിന്റെ ഭാര്യയെപ്പോലെ ഉപ്പുതൂണായി നശിക്കും!

ലോത്ത് അപകടമേഖല തരണം ചെയ്തു കഴിഞ്ഞപ്പോൾ കർത്താവ് ആകാശത്തുനിന്ന് സോദോമിലും ഗൊമോറായിലും അഗ്നിയും ഗന്ധകവും വർഷിച്ചു. തീച്ചൂളയിൽ നിന്നെന്നപോലെ ആ പ്രദേശത്തെല്ലാം പുകപൊങ്ങുന്നത് അവൻ കാണുന്നു. ആധുനിക ലോകത്തിന് ഈ അവസ്ഥ വന്നുഭവിക്കാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കാം, പശ്ചാത്താപപ്രവൃത്തികൾ ചെയ്യാം, തപസ്സനുഷ്ടിക്കാം.

അദ്ധ്യായം 4

# അഗ്നിപരീക്ഷണം

സ്വർണ്ണം അഗ്നിയിൽ ശുദ്ധീകരിക്കപ്പെടുന്നു. സ്നേഹം തെളിയിക്കപ്പെടുന്നതു പരീക്ഷണഘട്ടത്തിലാണ്. വിശ്വാസം വെല്ലുവിളികൾ നേരിടുമ്പോഴാണ് അരക്കിട്ടുറപ്പിക്കപ്പെടുക. സ്നേഹം സ്നേഹത്താൽ പരീക്ഷിക്കപ്പെട്ട, വിശ്വാസം വെല്ലുവിളിയെ നേരിട്ട, ഒരു വലിയ സംഭവം അബ്രാഹത്തിന്റെ ജീവിതത്തിലുണ്ടാകുന്നു. അവന്റെ വിശ്വാസം പൂർണ്ണമാക്കാനും അവനെ നീതിയുടെ പരിപൂർത്തിയിലെത്തിച്ച് മഹത്വപ്പെടുത്താനുമാണ് അഖിലേശൻ ആ അഗ്നിപരീക്ഷണത്തിന് അബ്രാഹത്തെ വിധേയനാക്കിയത്.

'അബ്രാഹം' ദൈവം വിളിച്ചു. 'ഇതാ ഞാൻ', അവൻ വിളികേട്ടു. നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനേയും കൂട്ടി മോറിയാ ദേശത്തേയ്ക്കു പോകുക. അവിടെ ഞാൻ കാണിച്ചു തരുന്ന മലമുകളിൽ നീ അവനെ എനിക്കൊരു ദഹനബലിയായി അർപ്പിക്കണം." (22:1-2) ഏറ്റം അപ്രതീക്ഷിതം! അങ്ങേയറ്റം ഹൃദയഭേദകം! അവിശ്വസനീയം! അബ്രാഹത്തെ സംബന്ധിച്ചിടത്തോളം തികച്ചും അസാധ്യമായത്. സാദ്ധ്യതയുടെ പന്ഥാവിലാക്കിയത് ഇസഹാക്കാണ്. നിഖിലേശ വാഗ്ദാനം നിറവേറാൻ തന്റെ നൂറാമത്തെ വയസ്സിൽ അബ്രാഹത്തിന് അവിടുന്നിൽ നിന്നു കിട്ടിയ അത്യമൂല്യ നിധിയാണവൻ! "നിന്റെ സന്തതി പൂഴിപോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും പെരുകു"മെന്ന വാഗ്ദാനം നിറവേറേണ്ടിയിരുന്നത് ആ ഓമനക്കുട്ടനിലൂടെയാണ്. "ഇസഹാക്കിലൂടെയാണ് നിന്റെ സന്തതികൾ അറിയപ്പെടുക." (21:12) നിത്യദൈവത്തിന്റെ സത്യവചനങ്ങൾ!

ഇപ്പോളിതാ ആ ദൈവത്തിന്റെ തന്നെ അലംഘനീയമായ കല്പന. തന്റെ പൊന്നോമനക്കുട്ടനെ, ആ പന്ത്രണ്ടുകാരനെ, തന്റെ ജീവിത സാരസർവസ്വവുമായ ആ തങ്കക്കുടത്തെ തമ്പുരാനുള്ള ദഹനബലിവസ്തുവാക്കണം. നെഞ്ചുപൊട്ടിപ്പോകുമോ? ഹൃദയം പിളർന്നുപോകുമോ? വേദനകൊണ്ടു പിടയുന്ന ആ പിതൃഹൃദയത്തിലൂടെ ഒരായിരം ചിന്തകൾ കടന്നു പോയിരിക്കണം. എന്തായിരുന്നാലും ആകാശത്തിൻ കീഴ്, ഭൂമിക്കുമുകളിൽ ഒരു ശക്തിക്കും, അബ്രാഹത്തെ ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്ന്, അവിടുന്നിലുള്ള പ്രത്യാശയിൽ നിന്ന്, അവിടുത്തോടുള്ള അത്യഗാധമായ സ്നേഹത്തിൽ നിന്ന് അണുവിട വ്യതിചലിപ്പിക്കാൻ ആവുന്നില്ല. ദൈവകല്പന ശിരസാവഹിക്കുന്നതിൽ നിന്ന് ഒരു പരിഗണനയ്ക്കും അവനെ പിന്തിരിപ്പിക്കാൻ കഴിയുന്നില്ല.

അബ്രാഹം അതിരാവിലെ എഴുന്നേറ്റു, ബലിക്കുവേണ്ട വിറകു കീറിയെടുക്കുന്നു. കഴുതയ്ക്കു ജീനിയിടുന്നു. മകൻ ഇസഹാക്കിനെ ഒരുക്കുന്നു. രണ്ടു വേലക്കാരുമായി കൂട്ടിയുമൊത്ത് ദൈവം പറഞ്ഞ സ്ഥലത്തേയ്ക്കു യാത്ര പുറപ്പെടുകയായി. മൂന്നാം ദിവസം തലയുയർത്തി നോക്കിയപ്പോൾ അങ്ങകലെ ആ സ്ഥലം അവനു പ്രത്യക്ഷമാകുന്നു. അവൻ വേലക്കാരോടു പറയുന്നു, "ഞാനും മകനും മലമുകളിൽപ്പോയി ആരാധിച്ചു മടങ്ങിവരാം." അനന്തരം ദഹനബലിക്കുള്ള വിറക് മകൻ ഇസഹാക്കിന്റെ ചുമലിൽ വച്ചു. കത്തിയും തീയും അവൻ തന്നെയെടുത്തു. അവരൊരുമിച്ചു മുമ്പോട്ടു നടന്നു നീങ്ങുകയാണ്.

(22:3-6)

മാനവരാശിയുടെ പാപപരിഹാരാർത്ഥം തിരുസുതനെ കാൽവരി മലയിൽ സ്വയം ബലിയാകുവാൻ അനുവദിക്കുന്ന പിതാവായ ദൈവത്തെ അനുസ്മരിക്കാൻ അവിടുത്തോടുള്ള നന്ദി കൊണ്ട് ഉള്ളം നിറയാൻ അബ്രാഹത്തിന്റെ മനോഭാവം നമുക്കു നിമിത്തമാകുന്നില്ലേ? ജനത്തിന്റെ മുഴുവൻ പാപഭാരം ചുമലിലേറ്റി പാപത്തിന്റെ പ്രതീകമായ മരക്കുരിശും തോളിൽ വഹിച്ചു കാൽവരിമല കയറി അവിടെ എന്നേയ്ക്കുമായി, എല്ലാവർക്കുമായി പാപപരിഹാര ബലിയർപ്പിച്ച്, പരിഹാസത്തിന്റെ അടയാളമായ കുരിശിനെ രക്ഷയുടെ ചിഹ്നമാക്കിയ പുത്രൻ തമ്പുരാന്റെ സാദൃശ്യമല്ലേ വിറകു കെട്ടുമായി മന്ദം, മന്ദം മല കയറുന്ന ഇസഹാക്ക്?

അപ്പനും മകനും, ബലിയർപ്പകനും ബലിവസ്തുവും, ഒരുമിച്ചാണു മുമ്പോട്ടു നീങ്ങിയതെങ്കിലും, അപ്പന്റെ അനിതരസാധാരണമായ മാനസികാവസ്ഥ, അയാളുടെ നടപ്പിന്റെ വേഗത ഏറെ വർദ്ധിപ്പിക്കുന്നു. അയാൾ നടന്നു നടന്നു ഏറെ മുമ്പിലായി. അപ്പോൾ മകൻ അപ്പനെ ഉറക്കെ വിളിക്കുന്നു. 'പിതാവേ', 'എന്താ മകനേ, അപ്പൻ വിളികേൾക്കുന്നു. മകൻ ഇസഹാക്കു ചോദിക്കുന്നു 'വിറകും തീയും കത്തിയുമുണ്ടല്ലോ; എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാടെവിടെ?' അബ്രാഹത്തെസ്സംബന്ധിച്ചിടത്തോളം മർമ്മഭേദകമായ ചോദ്യം. സങ്കീർണ്ണമായ ആ ചോദ്യത്തിനും ആ നീതിമാന്, ആ ദൈവമനുഷ്യന് മറുപടിയുണ്ട്. അയാളിലെ ഈശ്വരവിശ്വാസി വാചാലനാവുകയായി. 'ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തരും.' അചഞ്ചലമായ ആശ്രയബോധവും പ്രത്യാശയുമാണ് അവന് അഖിലേശനിലുള്ളത്. ഭാവാത്മകമായ, പ്രതീക്ഷാനിർഭരമായ, പ്രചോദനാത്മകമായ മനോഭാവം! ക്രൈസ്തവമനോഭാവത്തിനു മാത്രം കൈമുതലാക്കാവുന്ന പ്രതീക്ഷയ്ക്കതീതമായ പ്രത്യാശ!

തുടർന്ന് അപ്പനും മകനും യാത്രചെയ്ത് യഹോവ പറഞ്ഞ സ്ഥലത്തെത്തി. അവിടെ അബ്രാഹം ഒരു ബലിപീഠമുണ്ടാക്കി. അതിന്മേൽ അവൻതന്നെ വിറകടുക്കി വച്ചു. ദുഃഖഭാരത്താൽ അക്ഷരം ഉരിയാടാ

നാകാതെ, വിറയ്ക്കുന്ന കരങ്ങളോടെ, എന്നാൽ ഉറച്ചവിശ്വാസത്തോടെ അവൻ ഇസഹാക്കിനെ പിടിച്ചു ബന്ധിച്ചു വിറകിനു മീതെ കിടത്തുന്നു. (22:9) അപ്പോൾ മാത്രമാണു താൻ തന്നെയാണു ബലിമൃഗമെന്ന് ഇസഹാക്കിനു മനസ്സിലാകുക. പ്രതിഷേധമോ, പരാതിപോലുമോ ഇല്ലാതെ, ഏറ്റം ധീരമായി, ഒരു യഥാർത്ഥയതിവര്യനെപ്പോലെ ഇസഹാക്ക് പരംപൊരുളിന്റെ പദ്ധതിക്കു പരിപൂർണ്ണമായും വിധേയനാവുന്നു. 'ഇതാ കർത്താവിന്റെ ദാസൻ, അവിടുത്തെ തിരുവിഷ്ടം എന്നിൽ നിറവേറട്ടെ!'

ദൈവനിർദ്ദേശം നിറവേറ്റാൻ, മകനെ ബലിയർപ്പിക്കാൻ, പിതാവായ അബ്രാഹം കത്തിയോങ്ങുന്നു. തൽക്ഷണം, ദൈവത്തിന്റെ ദൂതൻ ആകാശത്തുനിന്ന് 'അബ്രാഹം, അബ്രാഹം' എന്നു വിളിക്കുന്നു! ഓങ്ങിയ കത്തി അവൻ പിൻവലിക്കുന്നു! 'ഇതാ ഞാൻ,' അവൻ വിളി കേൾക്കുന്നു. ദൂതൻ തുടരുന്നു. 'കുട്ടിയുടെ മേൽ കൈവയ്ക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം നിന്റെ ഏകപുത്രനെ എനിക്കു തരാൻ നീ മടി കാണിച്ചില്ല.'

എന്ത്? ആ സ്വരം വിശ്വസനീയമോ? അതു ദൈവത്തിന്റേതു തന്നെയോ? അതോ തന്റെ ഉള്ളിന്റെ ഉള്ളിലെ ഏറ്റം നിഗൂഢമായ ആഗ്രഹം ശ്രവണ രൂപമാവുകയാണോ? അല്ല അതു തനിക്കുള്ള തമ്പുരാന്റെ അംഗീകാരമുദ്ര തന്നെ. ദൂതന്റെ തുടർന്നുള്ള വാക്കുകൾ ഇക്കാര്യമാണു വ്യക്തമാക്കുക. ബലിയേക്കാളുപരി ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസവും ആശ്രയബോധവുമാണ് തന്റെ ഭക്തരിൽ നിന്നു നിഖിലേശൻ പ്രതീക്ഷിക്കുന്നത്!

മനസ്സിന്റെ സമനില ഒട്ടൊക്കെ തിരികെക്കിട്ടിയപ്പോൾ അബ്രാഹം ശിരസ്സുയർത്തി ചുറ്റും നോക്കി. അതാ, തന്റെ തൊട്ടുപിന്നിൽ മുൾച്ചെടികളിൽ കൊമ്പുടക്കി കിടക്കുന്ന ഊനമറ്റ, ഒരു വയസ്സു തോന്നിക്കുന്ന ഒരു മുട്ടാട്. അവൻ അതിനെ മകനു പകരം ബലിയർപ്പിച്ചു. ഒരു അഗ്നിപരീക്ഷണത്തിന്റെ അത്യപൂർവ്വവും അദ്ഭുതകരവുമായ പര്യവസാനം! 'ബലിമൃഗത്തെ ദൈവം തരും' എന്ന അബ്രാഹത്തിന്റെ പ്രവചനം അങ്ങനെ പൂർത്തിയായി.

**ഇസഹാക്ക്**

അബ്രാഹത്തോടുള്ള ദൈവത്തിന്റെ സ്നേഹം ശതഗുണീഭവിക്കുന്നു. അവന്റെ വിശ്വാസവും വിശ്വസ്തതയും വീണ്ടും അവിടുത്തെ അംഗീകാരത്തിനും അനുഗ്രഹത്തിനും അവനെ അർഹനാക്കുന്നു. അഖിലേശ്വരൻ വീണ്ടും അവനോട് അരുളിച്ചെയ്യുന്നു, 'നീ നിന്റെ ഏകപുത്രനെപ്പോലും എനിക്കു തരാൻ മടിക്കായ്കകൊണ്ടു ഞാൻ ശപഥം

ചെയ്യുന്നു, ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തെ നക്ഷത്രങ്ങൾപോലെയും കടൽത്തീരത്തെ മണൽത്തരിപോലെയും ഞാൻ വർദ്ധിപ്പിക്കും. നീ എന്റെ വാക്കനുസരിച്ചതുകൊണ്ട് നിന്റെ സന്തതികളിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും. (22:16-18) രക്ഷകനെക്കുറിച്ചുള്ള സദ്വാർത്തയല്ലേ ഇതും? ദൈവം തന്റെ വാഗ്ദാനങ്ങൾ എപ്രകാരം അക്ഷരാർത്ഥത്തിൽ നിറവേറ്റുന്നുവെന്നതും തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ തുടർന്നുള്ള ചരിത്രം വ്യക്തമാക്കും.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു. (റോമ.8:28) ശത്രുക്കൾപോലും അവർക്കു മിത്രങ്ങളായി പരിണമിക്കും. ഇതിന് ഒന്നാന്തരം ഒരു ഉദാഹരണം ഇസഹാക്കിന്റെ ജീവിതത്തിലുണ്ട്. തന്റെ പിതാവായ അബ്രാഹത്തെപ്പോലെ എല്ലാക്കാര്യങ്ങളിലും നീതിമാനായി വ്യാപരിച്ചിരുന്ന ഇസഹാക്കിനോടൊപ്പം ദൈവം എപ്പോഴും ഉണ്ടായിരുന്നു. അവിടുന്ന് അവനെ സമൃദ്ധമായി അനുഗ്രഹിച്ചിരുന്നു. അടിക്കടി അവൻ അഭിവൃദ്ധിപ്പെട്ടുമിരുന്നു.

വയൽ അവനു നൂറുമേനി വിളവു നല്കി.അവന്റെ സമൃദ്ധിയും സമ്പത്തും ഫിലിസ്ത്യരെ അസൂയാലുക്കളാക്കുന്നു. (26:12-14) അപ്പോൾ കർത്താവു പ്രത്യക്ഷപ്പെട്ട് അവനോടു പറയുന്നു, 'നിന്റെ പിതാവായ അബ്രാഹത്തിന്റെ ദൈവമാണു ഞാൻ. നീ ഭയപ്പെടേണ്ട. ഞാൻ നിന്നോടു കൂടെയുണ്ട്. എന്റെ ദാസനായ അബ്രാഹത്തെപ്രതി ഞാൻ നിന്നെ അനുഗ്രഹിക്കും. നിന്റെ സന്തതികളെ വർദ്ധിപ്പിക്കുകയും ചെയ്യും' (26:24) കർത്താവിന്റെ നീതിമാന്മാർ ഒരിക്കലും ലജ്ജിതരാവുകയില്ല. തന്റെ ചിറകുകളുടെ കീഴിൽ അവിടുന്നു അവരെ സംരക്ഷിക്കും.

പക്ഷെ, ഇസഹാക്കും പരീക്ഷിക്കപ്പെടുന്ന ഒരു നിമിഷം ഇസ്രയേൽ ചരിത്രത്തിൽ നാം കാണുന്നു. ഫിലിസ്തരാജാവായ അബിമെലക്കിനും അനുചരന്മാർക്കും ഇസഹാക്കിനുണ്ടായ ദൈവാനുഗ്രഹത്തിൽ കടുത്ത അസൂയയായിട്ട്. പിതാവായ അബ്രാഹത്തിന്റെ വേലക്കാർ കുഴിച്ച കിണറുകളെല്ലാം അവർ മണ്ണിട്ടു മൂടി. അബിമെലക്ക് ഇസഹാക്കിനോടു പറഞ്ഞു, 'ഞങ്ങളെ വിട്ടുപോവുക. നീ ഞങ്ങളെക്കാൾ കൂടുതൽ ശക്തനായിരിക്കുന്നു.' ഇസഹാക്ക് അവിടെനിന്നു പുറപ്പെട്ടു ഗരാറിന്റെ താഴ്‌വരയിൽ കൂടാരമടിക്കാൻ നിർബന്ധിതനായി. (26:15-17)

എന്നാൽ ഇസഹാക്കിന്റെ ശത്രുവായ അബിമെലക്കിന്റെ മനസ്സു മാറ്റാൻ മഹോന്നതൻ തിരുമനസ്സാകുന്നു. ഇസഹാക്കിനോട് അസൂയ തോന്നിയ ആ ഫിലിസ്ത്യരാജൻ തന്റെ ആലോചനക്കാരനായ അഹു

സ്സുത്തും സേനാധിപനായ ഫിക്കോളുമൊത്ത് ഇസഹാക്കിനെ കണ്ടു മമ്യപ്പെടാൻ അവന്റെയടുത്തേക്കു ചെല്ലുകയായി. ഇസഹാക്ക് അവരോടു ചോദിക്കുന്നു. 'എന്നെ വെറുക്കുകയും നിങ്ങളുടെ നാട്ടിൽ നിന്നു, പുറത്താക്കുകയും ചെയ്ത നിങ്ങൾ എന്തിന് എന്റെയടുക്കലേക്കു വന്നു?' അവർ പറയുന്ന മറുപടി ശ്രദ്ധിക്കുക. ദൈവസ്നേഹപ്രവാഹത്തിന്റെ പന്ഥാവു വിവേചിച്ചറിയുക. 'കർത്താവു നിന്നോടു കൂടെയുണ്ടെന്നു ഞങ്ങൾക്കു വ്യക്തമായിരിക്കുന്നു. അതുകൊണ്ടു നാം തമ്മിൽ സത്യം ചെയ്ത് ഒരുടമ്പടിയുണ്ടാക്കുക നല്ലതെന്നു ഞങ്ങൾക്കു തോന്നി. ഞങ്ങൾ നിന്നെ ഉപദ്രവിക്കാതിരിക്കുകയും നിനക്കു നന്മമാത്രം ചെയ്യുകയും സമാധാനത്തിൽ നിന്നെ പറഞ്ഞയയ്ക്കുകയും ചെയ്തതുപോലെ, നീയും ഞങ്ങളെ ഉപദ്രവിക്കാതിരിക്കണം. നീ ഇപ്പോൾ കർത്താവിനാൽ അനുഗ്രഹീതനാണ്.' (26:28-29)

തന്റെ ഭക്തരോടുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹവും പരിപാലനയും അവരിലുള്ള അവിടുത്തെ നിരന്തരസാന്നിദ്ധ്യവും വ്യക്തമാക്കാൻ അങ്ങേയറ്റം സഹായകമായ വചസ്സുകൾ! ദുഷ്ടർക്കു ദൈവമക്കൾ പേടിസ്വപ്നങ്ങളാകുന്നതിന്റെ നല്ലൊരു ദൃഷ്ടാന്തവും ഇവിടെ നാം കാണുന്നു. ഇസഹാക്കിന്റെ പ്രതികരണം ഏറ്റം അനുകരണാർഹവും അവിസ്മരണീയവുമാണ്. അവൻ തന്റെ പ്രതിയോഗികളോടു വ്യവസ്ഥയില്ലാതെ ക്ഷമിക്കുന്നു. ഇതിന്റെ ബാഹ്യപ്രകാശനമായി, തന്റെ സ്നേഹത്തിന്റെ അടയാളമായി അബിമെലക്കിനും അനുയായികൾക്കും വിഭവസമൃദ്ധമായ ഒരു വിരുന്നൊരുക്കി അവൻ അവരെ സൽക്കരിക്കുന്നു.

തന്നോടൊപ്പം വിശ്രമിക്കാൻ ഇസഹാക്ക് അവരെ അനുവദിക്കുന്നു. അടുത്ത ദിവസം പ്രഭാതത്തിൽ എഴുന്നേറ്റ് അവർ അന്യോന്യം സത്യം ചെയ്യുന്നു. ഇസഹാക്ക് സസ്നേഹം അബിമെലക്കിനെയും കൂട്ടുകാരെയും യാത്രയാക്കുന്നു. അവർ സമാധാനത്തോടെ അവനെ വിട്ടു പോകുകയും ചെയ്യുന്നു. ശത്രുക്കളോടു വ്യവസ്ഥയില്ലാതെ ക്ഷമിക്കുകയാണ് സമാധാനത്തിനുള്ള സുനിശ്ചിതവും ശാശ്വതവുമായ മാർഗ്ഗം. "ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ മക്കളായിത്തീരും." (മത്താ. 5:44-45) പാപമോചനം പ്രാപിക്കാനുള്ള സുവ്യക്തമായ വഴിയും ഇതുതന്നെ. 'മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവു നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല.' (മത്താ.6:14-15)

അദ്ധ്യായം 5

# ഏസാവും യാക്കോബും

ദൈവസ്നേഹപ്രവാഹത്തിന്റെ ഗതി നിർണ്ണയിക്കുന്നതിലെ നിർണ്ണായകമായ ഒരു സംഭവമാണല്ലോ അബ്രാഹത്തിന്റെ തെരഞ്ഞെടുപ്പ്. അവന്റെ മരണാനന്തരം മകൻ ഇസഹാക്കിനെ മഹോന്നതൻ തെരഞ്ഞെടുത്തനുഗ്രഹിച്ചു. ഇസഹാക്കിലൂടെ തെരഞ്ഞെടുപ്പു തുടരുന്നു. ഏസാവ്, യാക്കോബ് എന്നു രണ്ടു മക്കളെ ദൈവം അവനു സമ്മാനിക്കുന്നു.

ഇവരിൽ കടിഞ്ഞൂലായ ഏസാവിനോടായിരുന്നു സ്വാഭാവികമായും ഇസഹാക്കിനു കൂടുതൽ ഇഷ്ടം. അവനെ അനുഗ്രഹിച്ചു പിൻതുടർച്ച തിട്ടപ്പെടുത്തണമെന്ന് ഇസഹാക്ക് ആഗ്രഹിക്കുന്നു. അനുഗ്രഹം പ്രാപിക്കാൻ ഏസാവു ചെയ്യേണ്ടിയിരുന്ന കാര്യം പിതാവ് വാർദ്ധക്യമായപ്പോൾ അവനു പറഞ്ഞു കൊടുക്കുന്നു. 'നിന്റെ ആയുധങ്ങളായ അമ്പും വില്ലുമെടുത്തു വയലിൽപ്പോയി വേട്ടയാടി കുറെ കാട്ടിറച്ചി കൊണ്ടു വരിക. എനിക്കിഷ്ടപ്പെട്ട രീതിയിൽ രുചികരമായി പാകംചെയ്ത് എന്റെ മുമ്പിൽ വിളമ്പുക. അതു ഭക്ഷിച്ചിട്ട് ഞാൻ മരിക്കുംമുമ്പേ നിന്നെ അനുഗ്രഹിക്കട്ടെ.' (27:3-4)

ഭർത്താവു മൂത്ത മകനു നല്കിയ നിർദ്ദേശം ഭാര്യ റബേക്കാ മറഞ്ഞു നിന്നു കേൾക്കുന്നു. അവൾക്കു യാക്കോബിനോടായിരുന്നു കൂടുതൽ ഇഷ്ടം. അതുകൊണ്ട് അവൾ അവനെ രഹസ്യമായി വിളിച്ചു പറയുന്നു, 'മകനേ, നീ ഇപ്പോൾ എന്റെ വാക്കനുസരിച്ചു പ്രവർത്തിക്കുക. ആട്ടിൻകൂട്ടത്തിൽ നിന്നു രണ്ടു നല്ല കുഞ്ഞാടുകളെ പിടിച്ചു കൊണ്ടു വരിക. ഞാൻ അതുകൊണ്ടു നിന്റെ പിതാവിനിഷ്ടപ്പെട്ട രുചികരമായ ഭക്ഷണം ഉണ്ടാക്കാം. നീ അതു പിതാവിന്റെ അടുക്കൽ കൊണ്ടുചെല്ലണം. അദ്ദേഹം അതു ഭക്ഷിച്ച് മരിക്കും മുമ്പു നിന്നെ അനുഗ്രഹിക്കും.' (27:5-10)

ആൾമാറാട്ടം മനസ്സിലാക്കി അപ്പൻ തന്നെ ശപിച്ചെങ്കിലോ എന്നു സംശയമുന്നയിച്ച യാക്കോബിനോട് റബേക്ക പറയുകയാണ്, 'ആ ശാപം എന്റെ മേലായിരിക്കട്ടെ. മകനേ, ഞാൻ പറയുന്നതു കേൾക്കുക.' (27:13) നിർബന്ധത്തിനു വഴങ്ങി യാക്കോബ് അമ്മ പറഞ്ഞതുപോലെ ചെയ്യുന്നു. സംശയം തോന്നിയെങ്കിൽപ്പോലും ഇസഹാക്ക് ഉൾപ്രചോദനത്താൽ തന്നെ യാക്കോബിനെ അനുഗ്രഹിക്കുന്നു. പ്രത്യക്ഷത്തിൽ വഞ്ചനയെന്നും അനീതിയെന്നും തോന്നാമെങ്കിലും ഈ പ്രക്രിയ തെരഞ്ഞെടുപ്പു രഹസ്യത്തിന്റെ ഭാഗമാണ്. ഇതു ദൈവത്തിന്റെ പദ്ധതിയാണ്. വളഞ്ഞവരയിലെഴുതി നേരേ വായിക്കുന്നവനാണല്ലോ ദൈവം!

യാക്കോബിനോട് ഇസഹാക്ക് നിർദ്ദേശിച്ചു. 'നീ അടുത്തുവന്ന് എന്നെ ചുംബിക്കുക'. യാക്കോബു ചുംബിച്ചപ്പോൾ ഇസഹാക്ക് അവനെ അനുഗ്രഹിച്ചു. 'ആകാശത്തിന്റെ മഞ്ഞും ഭൂമിയുടെ ഫലപുഷ്ടിയും ദൈവം നിനക്കു നൽകട്ടെ! ധാന്യവും വീഞ്ഞും സമൃദ്ധമാവട്ടെ! ജനതകൾ നിനക്കു സേവ ചെയ്യട്ടെ! രാജ്യങ്ങൾ നിന്റെ മുമ്പിൽ തലകുനിക്കട്ടെ! നിന്റെ സഹോദരർക്കു നീ നാഥനായിരിക്കുക! നിന്റെ അമ്മയുടെ പുത്രന്മാർ നിന്റെ മുമ്പിൽ തല കുനിക്കട്ടെ! നിന്നെ ശപിക്കുന്നവൻ ശപ്തനും അനുഗ്രഹിക്കുന്നവൻ അനുഗ്രഹീതനുമാകട്ടെ!.'(27:26, 28-29) അങ്ങനെ ഇസഹാക്കിന്റെ അനുഗ്രഹം കൈയ്ക്കലാക്കി യാക്കോബ് തെരഞ്ഞെടുപ്പിന് അവകാശിയായി.

പൂർവപിതാക്കളും ഇസ്രായേൽജനം മുഴുവനും തെരഞ്ഞെടുക്കപ്പെട്ടതിനേക്കാൾ വിശിഷ്ടമായ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് ക്രൈസ്തവർ. പത്രോസ്ശ്ലീഹാ എഴുതുന്നു, 'നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനങ്ങളും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേയ്ക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ നിങ്ങൾ പ്രകീർത്തിക്കണം.' (1 പത്രോ.2:9)

മാമ്മോദീസായിലൂടെ ഓരോ ക്രൈസ്തവനും മൂന്നു അമൂല്യ പദവികൾ പ്രാപിക്കുന്നു. പൗരോഹിത്യം,. പ്രവാചകത്വം, രാജത്വം. അവർ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, പ്രവാചകത്വത്തിലും, രാജത്വത്തിലും പങ്കുചേരുന്നു. കാല്വരിയിലെ കല്പാദത്തിലൂടെ ക്രിസ്തു പുരോഹിതനും ബലിവസ്തുവുമായിരിക്കുന്നതുപോലെ ഓരോ ക്രൈസ്തവനും പുരോഹിതനും ബലിവസ്തുവുമാകുന്നു. അവിടുന്നു നിത്യപിതാവിനു സ്വയം ബലിയാകുന്നതുപോലെ, ക്രൈസ്തവനും, ക്രിസ്തുവിലൂടെ, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, നിത്യപിതാവിനു സ്വയം ബലിയാകണം. ഇതു രാജകീയ പൗരോഹിത്യത്തിന്റെ ആവിഷ്കരണമാണ്. ക്രിസ്തു പിതാവിന്റെ പ്രവാചകനായിരിക്കുന്നതുപോലെ ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ പ്രവാചകനാവണം. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നവൻ, അവിടുത്തേയ്ക്കു വേണ്ടി സംസാരിക്കുന്നവൻ, അവിടുത്തെ ജീവിക്കുന്ന പ്രതീകം!

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കു ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാവും. അബ്രാഹത്തിനു പ്രതിസന്ധിയുണ്ടായി, ഇസഹാക്കിനു പ്രതിസന്ധിയുണ്ടായി, യാക്കോബും പ്രതിസന്ധിയെ നേരിട്ടു. പിതാവു നല്കിയ അനുഗ്രഹം മൂലം സ്വസഹോദരൻ ഏസാവു തന്നെ അവനെ കഠിനമായി വെറുക്കുന്നു. അവൻ ആത്മഗതം ചെയ്യുന്നു, 'യാക്കോബിനെ ഞാൻ കൊല്ലും.' (27:14)

പക്ഷേ, ദൈവസ്നേഹപ്രവാഹം യാക്കോബിലേയ്ക്കു പായുന്നു. ഏസാവിന്റെ വാക്കുകൾ താമസംവിനാ അമ്മ റബേക്കായുടെ ചെവിയിൽ എത്തുകയായി അവൾ ഇളയവനായ യാക്കോബിനെ വിളിച്ചു പറയുന്നു: 'നിന്നെ കൊല്ലാമെന്നോർത്ത് നിന്റെ ജേഷ്ഠൻ ആശ്വസിച്ചിരി ക്കുകയാണ്. മകനെ ഞാൻ പറയുന്നതു കേൾക്കുക. ഹാരാനിലുള്ള എന്റെ സഹോദരനായ ലാബാന്റെ അടുത്തേയ്ക്ക് ഓടി രക്ഷപ്പെടുക. നിന്റെ ജേഷ്ഠന്റെ രോഷം അടങ്ങുവോളം നീ അവിടെ താമസിക്കുക.' (27: 42-44)

ദൈവസ്നേഹപ്രവാഹത്തിൽ സ്വച്ഛന്ദം സഞ്ചരിക്കാൻ അനുസരണം എന്ന യാനപാത്രത്തിൽ കയറുക അത്യന്താപേക്ഷിതമാണ്. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം. (1 സാമു. 15:22) യാക്കോബ് അമ്മയുടെ വാക്കുകൾ അനുസരിക്കുന്നു. പോകുംമുമ്പ് വീണ്ടും അവന്റെ പിതാവ് ഇസഹാക്കിന്റെ അനുഗ്രഹവും 'ലാബാന്റെ പുത്രിമാരിൽ ഒരാളെ ഭാര്യയായി സ്വീകരിക്കുക' എന്ന നിർദ്ദേശവും അവനു ലഭിക്കുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ടവരോടൊപ്പം നിഴലെന്നപോലെ കർത്താവ് കൂട്ടിനുണ്ടാവും. ദർശനത്തിലൂടെ വേണ്ട നിർദേശങ്ങളെല്ലാം നൽകും. അവനു വഴികാട്ടും. യാത്രാമധ്യേ യാക്കോബ് ബേർഷെബായിൽ ഒരു രാത്രി ചെലവഴിച്ചു. അവിടെ അവനു വിശിഷ്ടമായ ഒരു ദർശനം നൽകപ്പെടുന്നു. ഭൂമിയിൽ ഉറപ്പിച്ചിരുന്ന ഒരു ഗോവണി-അതിന്റെ അഗ്രം ആകാശത്തു മുട്ടിയിരുന്നു. ദൈവദൂതന്മാർ അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തു കൊണ്ടിരുന്നു.

ഗോവണിയുടെ മുകളിൽ നിന്നുകൊണ്ടു കർത്താവ് അരുൾ ചെയ്യുന്നു, 'ഞാൻ നിന്റെ പിതാവായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവമായ കർത്താവാണ് നിന്നിലൂടെയും നിന്റെ സന്തതികളിലൂടെയും ഭൂമിയിലെ ഗോത്രങ്ങളെല്ലാം അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻനിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം നിന്നെ ഞാൻ കാത്തു സൂക്ഷിക്കും. നിന്നെ ഈ നാട്ടിലേയ്ക്കു തിരിയേ കൊണ്ടുവരും. നിന്നോടു പറഞ്ഞതൊക്കെ നിറവേറുന്നതുവരെ ഞാൻ നിന്നെ കൈവിടുകയില്ല.' (28: 10-15) ദൈവസ്നേഹത്തിന്റെ ഊഷ്മളപ്രവാഹമല്ലേ ഇവിടെയും നാം കാണുക.

ഉറക്കത്തിൽ നിന്നുണർന്ന യാക്കോബ് ഉച്ചത്തിൽ ഉദ്ഘോഷിച്ചു. 'തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. എന്നാൽ ഞാൻ അതറിഞ്ഞില്ല.' ഭീതിപൂണ്ട് അവൻ പറയുന്നു, 'ഈ സ്ഥലം എത്ര ഭയാനകമാണ്! ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ കവാടമാണിവിടം.' (28:16-17)

കർത്താവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കാൻ വൈകിയതിൽ യാക്കോബു ദുഃഖിക്കുന്നു. പക്ഷേ, ദർശനം ലഭിച്ചുകഴിഞ്ഞപ്പോൾ ആനന്ദിച്ചാഹ്ലാദിക്കുന്നു. ഒരു പ്രതിജ്ഞയിലൂടെ അങ്ങേയറ്റം ഭാവാത്മകമായി പ്രതികരിക്കുകയും ചെയ്യുന്നു. രക്ഷ കാംക്ഷിക്കുന്നവരെല്ലാം എടുക്കേണ്ട പ്രതിജ്ഞ. 'കർത്താവായിരിക്കും എന്റെ ദൈവം.' (28:22) യാക്കോബു കർത്താവിനെ തന്റെ അവകാശമാക്കുകയാണ്. അതു മുതൽ അവിടുന്ന് എപ്പോഴും അവന്റെ കൺമുമ്പിലുണ്ടായിരുന്നു.

ഭൗതികതയിൽ മുഴുകിയിരിക്കുന്ന മനുഷ്യനു മഹേശ്വര സാന്നിദ്ധ്യം അനുഭവിക്കുക അസാദ്ധ്യമാണ്. ഉള്ളിന്റെ ഉള്ളിൽ വെളിച്ചമുണ്ടെങ്കിലേ ഈ ദർശനം സാധ്യമാകൂ. ഈ വെളിച്ചമാണ് വിശ്വാസം. വിശ്വാസമാണ് ഇന്നിന്റെ ഏറ്റം വലിയ ആവശ്യം. വിശ്വാസം പ്രത്യാശയിലേയ്ക്കും പ്രത്യാശ ഉപവിയിലേക്കും നയിക്കും. ഇവയിൽ സർവ്വോൽകൃഷ്ടവും ശാശ്വതവും ഉപവി തന്നെ.

സഹോദര പുനഃസംഗമം

മാതുലന്റെയും സ്യാലന്മാരുടെയും അസൂയമൂലം ദുസ്സഹമായ ഒരവസ്ഥ യാക്കോബിന്റെ ജീവിതത്തിലുണ്ടാവുന്നു. എന്നാൽ അപ്പോഴും തമ്പുരാൻ തന്റെ തെരഞ്ഞെടുക്കപ്പെട്ടവനു തുണയായി വരുന്നു. അവനു പ്രത്യക്ഷപ്പെട്ട് അവിടുന്ന് അവനോടു കൽപിക്കുന്നു. 'നിന്റെ പിതാക്കന്മാരുടെയും ചാർച്ചക്കാരുടെയും നാട്ടിലേക്കു തിരികെപ്പോവുക. ഞാൻ നിന്നോടു കൂടെയുണ്ടായിരിക്കും.' (31:1-3, 13) അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവം എപ്പോഴും യാക്കോബിന്റെ പക്ഷത്തുണ്ടായിരുന്നു. അവന്റെ കഷ്ടപ്പാടും ദേഹാദ്ധ്വാനവും അവിടുന്നു കണ്ടറിഞ്ഞിരുന്നു. (31:42)

ദൈവം യാക്കോബിനെ സമൃദ്ധമായി അനുഗ്രഹിക്കുന്നു. മടക്കയാത്രയിൽ അവനെ അനുയാത്ര ചെയ്യുന്നു. (32:1-2) എങ്കിലും ഏസാവു തന്നോടെങ്ങനെ പ്രതികരിക്കും എന്ന ചിന്ത യാക്കോബിന്റെ മനസ്സിനെ തുടർന്നും മഥിച്ചുകൊണ്ടിരുന്നു. അവൻ ദൂതന്മാരെ തനിക്കു മുമ്പേ അയച്ചു സഹോദരൻ ഏസാവിനോടു ദയയ്ക്കുവേണ്ടി അഭ്യർത്ഥിക്കുന്നു. എന്നാൽ തന്റെ സഹോദരൻ യാക്കോബിന്റെ തെറ്റുകുറ്റങ്ങളെല്ലാം ഹൃദയപൂർവം ക്ഷമിച്ച് അവന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുകയായിരുന്നു എസാവ് എന്നു വേണം വിചാരിക്കാൻ. വാർത്ത കിട്ടിയ ക്ഷണം 400 ആളുകളുടെ അകമ്പടിയോടെ അവൻ യാക്കോബിനെ എതിരേറ്റുസ്വീകരിക്കാൻ പുറപ്പെടുകയായി.

എങ്കിലും, ഏസാവിന്റെ ലക്ഷ്യം യാക്കോബിനു വ്യക്തമായിരുന്നില്ല. തന്നെ ആക്രമിക്കാനായിരിക്കുമോ ഈ ആഗമനം എന്ന ചിന്ത

അവനെ വളരെയധികം അലട്ടി. അവൻ ദൈവത്തോടു കേണപേക്ഷിക്കുന്നു, 'എന്റെ സഹോദരനായ ഏസാവിൽ നിന്ന് എന്നെ രക്ഷിക്കണമേ!' (32:1-7,11) യാക്കോബിനു തന്റെ തെറ്റിനെക്കുറിച്ചു യഥാർത്ഥമായ അനുതാപം ഉണ്ടായിരുന്നു. ഏസാവിന്റെ സമീപമെത്തുവോളം ഏഴു തവണ നിലം മുട്ടെ താണ് അവൻ ജ്യേഷ്ഠസഹോദരനെ വണങ്ങി. (33:3) യാക്കോബിനെ കണ്ടനിമിഷം ഏസാവ് ഓടിച്ചെന്ന് അവനെ വാരിപ്പുണർന്നു ചുടുചുംബനങ്ങളർപ്പിക്കുന്നു. ഇരുവരും കെട്ടിപ്പുണർന്നു ദീർഘനേരം കരയുന്നു. (33:4)

സ്നേഹവും വാത്സല്യവും ഇരുസഹോദരങ്ങളുടെയും ഹൃദയങ്ങളിൽ അലതല്ലുകയാണ്. ഇവയ്ക്കുപുറമെ യാക്കോബിൽ നന്ദിയും ആദരവും കരകവിഞ്ഞൊഴുകുകയും ചെയ്യുന്നു. അവൻ പറയുന്നു. ദൈവത്തിന്റെ മുഖം കണ്ടാലെന്നപോലെയാണ് ഞാൻ അങ്ങയുടെ മുഖം കണ്ടത്. അത്രയ്ക്കു ദയയോടെയാണ് അങ്ങെന്നെ സ്വീകരിച്ചത്. (33:10)

ഇരുസഹോദരങ്ങളുടെയും പ്രതികരണം എത്ര പ്രശംസനീയം! എത്ര അനുകരണാർഹം! എത്രഹൃദ്യം! ജ്യേഷ്ഠൻ അനുജനെ പഴയകഥകൾ ഓർപ്പിക്കാൻ ശ്രമിക്കുകയോ അല്പമെങ്കിലും പരിഭവം പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ല. ഏറെസ്നേഹത്തോടും കാരുണ്യത്തോടും കൂടെ അനുജനെ സ്വീകരിച്ചാശ്ലേഷിക്കുന്നു. യാതൊരു വ്യവസ്ഥയുമില്ലാതെ അവനോടു ഹൃദയപൂർവം ക്ഷമിക്കുന്നു. ക്ഷമിക്കുന്ന സ്നേഹത്തിലൂടെ, ആത്മാർത്ഥമായി മാപ്പു ചോദിക്കുന്ന മനോഭാവത്തിലൂടെ, ഇരുവരുടെയും സ്നേഹം പ്രവഹിച്ചു പരസ്പരം സംഗമിക്കുന്നു. ഇപ്രകാരമല്ലേ ഈശ്വരപ്രേമപ്രവാഹത്തോടു മനുഷ്യൻ പ്രതികരിക്കേണ്ടത്?

ദൈവസ്നേഹത്തിന്റെ മറ്റൊരു സവിശേഷത അതു പിൻചെല്ലുന്ന സ്നേഹമാണെന്നതാണല്ലോ. അവിടുന്നു യാക്കോബിനോടു വീണ്ടും അരുൾചെയ്യുന്നു, 'ബേഥേലിലേയ്ക്കു പോയി അവിടെ പാർക്കുക. നിന്റെ സഹോദരനായ ഏസാവിൽ നിന്നു നീ ഓടിരക്ഷപ്പെട്ടപ്പോൾ നിനക്കു പ്രത്യക്ഷനായ ദൈവത്തിന് അവിടെ ഒരു ബലിപീഠം പണിയുക.' (35:1) യാക്കോബ് ഓരോ നിമിഷവും ചെയ്യേണ്ടതെന്തെന്നു വ്യക്തമാക്കിക്കൊടുക്കുന്ന ദൈവത്തിന്റെ സ്നേഹവാത്സല്യങ്ങൾ എത്ര അത്ഭുതാവഹം. ഓരോ നിമിഷവും ഓരോ മനുഷ്യനുംവേണ്ടി അവിടുന്ന് ഇതു ചെയ്യുന്നുണ്ട്.

ഈശ്വരശാസനം അക്ഷരശഃ അനുസരിക്കുകയാണല്ലോ നീതിമാന്റെ രീതി. യാക്കോബു തന്റെ കുടുംബാംഗങ്ങളോടും കൂടെയുണ്ടായിരുന്നവരോടുമായി പറയുന്നു, 'എന്റെ കഷ്ടപ്പാടിൽ എന്റെ പ്രാർത്ഥന ചെവിക്കൊണ്ടവനും ഞാൻ പോയിടത്തെല്ലാം എന്നോടൊപ്പം ഉണ്ടായി

രുന്നവനുമായ ഉടയവനു ഞാനവിടെ ഒരു ബലിപീഠം പണിയും.' (35:3) സ്നേഹസ്വരൂപനായ ദൈവത്തിന്റെ സീമാതീതമായ സ്നേഹത്തിനും അത്ഭുതാവഹമായ പരിപാലനയ്ക്കും പ്രതിനന്ദി പ്രകാശിപ്പിക്കുവാനുള്ള വഴി ഹൃദയസക്രാരിയിൽ അവിടുത്തെ പ്രതിഷ്ഠിച്ച് അവിടുത്തെ ആരാധിച്ച് സ്തുതിച്ചു മഹത്വപ്പെടുത്തുകയാണ്.

തുടർച്ചയായി അനുസ്യൂതം അനുഭവവേദ്യമായ അഖിലേശ സ്നേഹപ്രവാഹം വിഗ്രഹങ്ങളെല്ലാം തച്ചുടച്ചു കുഴിച്ചുമൂടാൻ യാക്കോബിനെ നിർബന്ധിക്കുന്നു. അവൻ തന്റെ കുടുംബാംഗങ്ങളുടെയും കൂടെയുണ്ടായിരുന്നവരുടെയും കൈവശമുണ്ടായിരുന്ന അന്യദേവവിഗ്രഹങ്ങളെല്ലാം ഷെക്കെമിനടുത്തുള്ള ഓക്കുമരച്ചുവട്ടിൽ കുഴിച്ചുമൂടി. ഈ സത്പ്രവർത്തിയുടെ ഫലമായി സമീപഗ്രാമങ്ങളിലുമെല്ലാം ദൈവഭയമുണ്ടായി. ദൈവഭയമാണു ജ്ഞാനത്തിന്റെ ആരംഭം. (പ്രഭാ.1:14) അവരുടെ യാത്രാമദ്ധ്യേ ആരും അവരെ പീഡിപ്പിച്ചതുമില്ല. (35:4-5)

ഒരു നീതിമാനോടോ, അവന്റെ കൺമുൻപിൽപോലുമോ അനീതിയും അക്രമവും പ്രവർത്തിക്കാൻ അധികമാരും മുതിരുകയില്ല. സാന്ദർഭികമായി ഒരു കാര്യം ബോധ്യപ്പെടുന്നതു വളരെ നന്ന്. തച്ചുടച്ചു കുഴിച്ചുമൂടേണ്ട ഒട്ടനവധി വിഗ്രഹങ്ങൾ ഏവർക്കുമുണ്ട്. സ്വയം, സ്വാർത്ഥം, അസൂയ, വെറുപ്പ്, വിദ്വേഷം, പ്രതികാരം, വിഭാഗീയചിന്ത, ദുരാശ, അശുദ്ധി, ദുരാഗ്രഹം, ദ്രവ്യാഗ്രഹം, സുഖലോലുപത, സ്വജനപക്ഷപാതം,സ്ഥാനമോഹം, എല്ലാമെല്ലാം.

കർത്താവിനെ ഭയപ്പെടുന്നവരോടൊപ്പം അവിടുത്തെ അനുഗ്രഹിക്കുന്ന കരങ്ങൾ സർവദാ ഉണ്ടായിരിക്കും. യഹോവ വീണ്ടും യാക്കോബിനു പ്രത്യക്ഷപ്പെട്ട് അവനെ അനുഗ്രഹിക്കുന്നു. 'യാക്കോബ് ആയ നീ ഇനി മേൽ ഇസ്രായേൽ എന്നായിരിക്കും വിളിക്കപ്പെടുക.' (35:9-10) 'ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്.' (ഏശ.43:1) തമ്പുരാൻ തുടരുന്നു, 'ഞാൻ സർവശക്തനായ ദൈവമാണ്. നീ സന്താന പുഷ്ടിയുണ്ടായി പെരുകുക. ജനതയും ജനതയുടെ ഗണങ്ങളും നിന്നിൽ നിന്നുത്ഭവിക്കും. രാജാക്കന്മാരും നിന്നിൽ നിന്നു ജന്മമെടുക്കും.' (35:11-12)

പൂർവപിതാക്കന്മാരോടുള്ള പരാപരന്റെ വാഗ്ദാനമെല്ലാം നിറവേറി. തെരഞ്ഞെടുക്കപ്പെട്ട ജനത്തിൽ നിന്നു രാജാധിരാജൻ ജനിച്ചു. 'ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കൊരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.' (ലൂക്കാ.2:10-11) കിഴക്ക് യഹൂദരുടെ രാജാവായി ജനിച്ചവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ പൗരസ്ത്യദേശത്തു നിന്നു പൂജരാജാ

ക്കന്മാർ ജറുസലേമിലെത്തി. അവർ അവനെ കുമ്പിട്ട് ആരാധിച്ചു. തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്നു പൊന്നും മീറയും കുന്തുരുക്കവും അവന് കാഴ്ചയർപ്പിച്ചു. (മത്താ. 2:1, 2, 11) "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്ര മാത്രം സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷക്കു വിധിക്കാനല്ല, പ്രത്യുത അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്." (യോഹ.3:16–17)

***'നിർമ്മലസ്നേഹപ്രവാഹമേ,***
***നിന്റെ വർണ്ണത്തിരകളിലൊഴുകുന്നു ഞാൻ!'***



# സ്നേഹപ്രവാഹം



അറിയപ്പെടുന്ന വാഗ്മിയും ധ്യാന പ്രസംഗകനുമായ ഫാ. ജോസഫ് വട്ടക്കളം St. Berchmans' (S.B.) Collegeന്റെ റിട്ടയർഡ് പ്രിൻസിപ്പലും തമിഴ് നാട്ടിലെ Malankara Catholic Collegeന്റെ മുൻ പ്രിൻസിപ്പലും Kanyakumari Community College ന്റെ സ്ഥാപക പ്രിൻസിപ്പലും ആയിരുന്നു. S.B. യിലെ ഇംഗ്ലീഷ് വിഭാഗത്തിലെ പ്രൊഫസർ ആയിരുന്ന ഗ്രന്ഥകാരൻ 'സ്നേഹത്തിന്റെ കഥ', 'പ്രേമസംഗീതം', 'ആ മനുഷ്യസ്നേഹി', 'Mysticism in Tagore's Gitanjali' തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവാണ്.

ബൈബിളിന്റെ ആമുഖ (ഉൽപത്തി) പുസ്തകത്തിനു അനുഭവമാർന്നൊരു ആമുഖമാണ് "സ്നേഹപ്രവാഹം". അനന്തവും അഗ്രാഹ്യവുമായ ദൈവസ്നേഹപ്രവാഹം സൃഷ്ടി, തെരഞ്ഞെടുപ്പ്, പരിപാലനം, ശാസനം, സംരക്ഷണം അങ്ങനെ കൈവഴികളായി ഒഴുകുന്നു. അറിവ് അനുഭവമാക്കി ജീവിതത്തിൽ പകർത്താനുള്ള ആഹ്വാനവും മാർഗ്ഗവും ഗ്രന്ഥത്തിലുടനീളം ഹൃദ്യവും ലളിതവുമായി ആവിഷ്കരിച്ചിരിക്കുന്നു.

വിതരണം

ദീപിക ബുക്ക് ഹൗസ്, ശാസ്ത്രി റോഡ്, കോട്ടയം 1